# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10  Issue -8 October 2021



## നന്ദിയുള്ള ഹൃദയത്തിൽ വിഷാദചിന്തയ്ക്കു സ്ഥാനമില്ല

പേജ് 11

വില 20 രൂപ


# ബഹുമാനിക്കുന്നതിൽ സന്തോഷിക്കുക

ബഹുമാനം ആഗ്രഹിക്കുന്നവരാണ് നാം എല്ലാവരും. എന്നാൽ മറ്റുള്ളവർക്ക് അർഹിക്കുന്ന ബഹുമാനം കൊടുക്കുന്നതിൽ നാം പരാജയപ്പെടുന്നില്ലേ? വാസ്തവത്തിൽ ബഹുമാനം കൊടുത്താലേ ബഹുമാനം ലഭിക്കുകയുള്ളൂ. അപരനെ ബഹുമാനിക്കുമ്പോൾ അദ്ദേഹത്തിന്റെ മൂല്യത്തെ നാം ശരി വയ്ക്കുകയാണ്. അത് ആ വ്യക്തിയിലും താൻ മൂല്യം ഉള്ളവനാണെന്നും, മറ്റുള്ളവരാൽ അംഗീകരിക്കപ്പെടുന്നു എന്നുമുള്ള ഗുണകരമായ ചിന്ത വളർത്തും. ദൈവമക്കൾക്കിടയിൽ അന്യോന്യം ബഹുമാനിക്കുന്നതിനേക്കാളധികം തരം താഴ്ത്തി ആക്ഷേപിച്ച് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ദുഷ്പ്രവണത വളരുന്നുവോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ആത്മപരിശോധനയിലൂടെ ഒരു രൂപാന്തരത്തിനും തിരുത്തലിനും നാം തയ്യാറാകണം.

‘സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായി പൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊള്ളുക (റോമർ12:10) എന്ന പ്രബോധനം അതിന്റേതായ അർത്ഥത്തിലും വ്യക്തതയിലും നമുക്ക് സ്വീകരിക്കാൻ കഴിയട്ടെ. അപരനിലും മുന്നിലെത്തുവാൻ പരസ്പരം മത്സരിക്കുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അത് ദോഷകരമായ ഫലം ആണ് ഉളവാക്കുന്നത്. എന്നാൽ ഇവിടെ ഇതാ, ഗുണകരമായ ഒരു മത്സരം. അപരൻ ബഹുമാനിക്കുന്നതിനേക്കാൾ അധികം അദ്ദേഹത്തെ ബഹുമാനിക്കുവാനുള്ള മനസ്സൊരുക്കം. അതാണ് നമുക്ക് നമുക്ക് ഇന്ന് അത്യാവശ്യം വേണ്ടി യിരിക്കുന്നത്.

പാപികളും ശാപഗ്രസ്തരും ആയിത്തീർന്ന നമുക്ക് നരകത്തിനു മാത്രമേ അർഹത ഉണ്ടായിരുന്നുള്ളൂ. അത്ര നീചരായ നമ്മെത്തേടി നമ്മുടെ കർത്താവ് സ്വർഗ്ഗം വിട്ട് താണിറങ്ങിവന്നുവെങ്കിൽ നമ്മെ എത്രയധികം മൂല്യം നൽകി സ്നേഹിച്ചു എന്ന് ചിന്തിച്ചു നോക്കുക. അവിടുത്തെ മക്കൾ ആകുവാൻ അധികാരം നൽകിക്കൊണ്ട് ദൈവം വാസ്തവത്തിൽ നമ്മെ മാന്യരും വിലയുള്ളവരും ആക്കുകയല്ലായിരുന്നോ? അപമാനം അർഹിച്ച നമുക്കു പകരം നമ്മുടെ അപമാനം അവിടുന്ന് ഏറ്റെടുത്തു നമുക്കുവേണ്ടി സഹിച്ചു, പകരം കർത്താവ് നമ്മെ ബഹുമാനയോഗ്യരാക്കിത്തീർത്തു. ആ കർത്താവിനെ പോലെ ആയിത്തീരുവാൻ വിളിക്കപ്പെട്ട നാം ക്രിസ്തുവിന്റെ അരികിലെത്താൻ ഓട്ടക്കളത്തിൽ ഓടുന്ന ഓട്ടക്കാരനെപ്പോലെ മുന്നോട്ട് ആഞ്ഞും കൊണ്ട് ഓടുന്നവരാണ്. വിരുത് പ്രാപിക്കുവാൻ തക്കവണ്ണം ഓടണം എന്ന് ഈ ലക്കത്തിലെ സന്ദേശം നമ്മെ ആഹ്വാനം ചെയ്യുന്നു. യേശുക്രിസ്തുവിന്റെ ദിവ്യസ്വഭാവം നമ്മിൽ വളരുന്നതാണ് ഓട്ടത്തിൽ ഉള്ള നമ്മുടെ മുന്നേറ്റം. ആകയാൽ ബഹുമാനിക്കുന്നതിലും നമുക്ക് മുന്നിട്ടു നിൽക്കുവാൻ ഇടയാകട്ടെ. അത് നമ്മുടെ സന്തോഷം ആയിരിക്കട്ടെ!

ദൈവത്തിനു വേണ്ടി പണിയുന്നവരും ദൈവത്താൽ പണിയപ്പെടുന്നവരും എന്ന ലേഖനത്തിൽ ദൈവത്താൽ പണിയപ്പെട്ടു രൂപാന്തരം പ്രാപിക്കുന്ന ശ്രേഷ്ഠ അനുഭവത്തെയാണ് സാജു വിവരിക്കുന്നത്. സ്വാതന്ത്രനായിരിക്കുമ്പോൾത്തന്നെ അടിമയായി ജീവിക്കുന്നതിലെ മനോഹാരിതയാണ് ബാബു ചെറിയാൻ വർണിക്കുന്നത്. നന്ദിയുള്ള ഹൃദയത്തിന്റെ അനിവാര്യതയെ പുതുപ്പള്ളിയച്ചൻ വിശദമാക്കുന്നു. ദൈവപ്രസാദത്തിന്റെ തെളിവ് തെളിയിക്കുകയാണ് വിൽകേഴ്സൺ. മറ്റെല്ലാ ലേഖനങ്ങളും ആത്മിക വർധനയ്ക്ക് ഏറെ പ്രയോജനപ്രദമാണ്. ഇത് എല്ലാവരും പ്രാവർത്തികമാക്കുവാൻ ഉത്സാഹിക്കണമെന്നുള്ള അഭ്യർഥനയോടെ ഈ ലക്കം മാന്യ വായനക്കാർ സമക്ഷം സമർപ്പിക്കുന്നു.



പുസ്തകം 10 ലക്കം 8
ഒക്ടോബർ 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**വിരുത് പ്രാപിപ്പാൻ തക്കവണ്ണം ഓടുക** 4
ജോയ് എം. തോമസ്

**ദൈവത്തിനുവേണ്ടി പണിയുന്നവരും...** 7
സാജു മാത്യു

**സ്വാതന്ത്ര്യവും അടിമത്തവും** 9
ബാബു ചെറിയാൻ

**നന്ദിയുള്ള ഹൃദയത്തിൽ ...** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ഭൗതീക സമൃദ്ധി ...** 13
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**വാർത്താ വീഥി** 19

**സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം** 20
പി.വി.വർഗീസ്

**ക്രിസ്തു നമുക്ക് പകരം** 22
ചെയ്സ് ജോസഫ്

**വനിതാ വീഥി** 24
ജെസ്സി സാജു

**വേദ അധ്യയനം** 26
ജോയ് എം. തോമസ്

**ക്രിസ്തുവിനെ ഒഴിവാക്കുന്ന ക്രിസ്തീയത** 31
എംസി



ജോയ് എം. തോമസ്

# വിരുത് പ്രാപിപ്പാൻ തക്കവണ്ണം ഓടുക

നാലു വർഷത്തിൽ ഒരിക്കലായി നടക്കുന്ന ഒളിമ്പിക്സ് എന്ന കായികോത്സവത്തെക്കുറിച്ച് നമുക്കെല്ലാവർക്കും പരിചയമുണ്ടല്ലോ. കായികാഭ്യാസങ്ങളിൽ അഭിനിവേശം ഉള്ള ഏത് രാജ്യക്കാരനും ഭാഷക്കാരനും ഏത് ജാതിയിൽ പെട്ട ആളുകൾക്കും ഇതിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്. ഒളിമ്പിക്സിൽ പങ്കെടുക്കുവാൻ നിർദിഷ്ട യോഗ്യതകൾ അവർക്ക് ഉണ്ടായിരിക്കണം. ഓരോ രാജ്യത്തെയും പ്രതിനിധീകരിച്ചുകൊണ്ട് കായിക താരങ്ങൾ ഒളിംപിക്സിൽ പങ്കെടുക്കുന്നുണ്ടല്ലോ. അവരിലാരെങ്കിലും വെറും ഒരു രസത്തിനു വേണ്ടി ഓടുന്നവർ ആണോ? അല്ലേ, അല്ല. സ്വർണ്ണം നേടുവാനുള്ള ലക്ഷ്യത്തോടെയാണ് എല്ലാവരും ഓടുന്നത്. എന്നാൽ ഒരുവൻ മാത്രമാണ് വിജയം നേടി സ്വർണ്ണം കരസ്ഥമാക്കുന്നത്. ഈ ചിത്രം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് താഴെ ഉദ്ധരിച്ചിരിക്കുന്ന തിരുവചന വേദഭാഗം ശ്രദ്ധിച്ചാലും...

ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനെ വിരുത് പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയൊ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു, അതോ, അവൻ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നെ. ആകയാൽ ഞാൻ നിശ്ചയമില്ലാതവണ്ണം അല്ല ഓടുന്നത്, ആകാശത്തെ കുത്തുന്നത് പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രെ ചെയ്യുന്നത് (1 കൊരിന്ത്യർ 9: 24 27).

ക്രിസ്തീയ ജീവിതത്തെ ഓട്ടക്കളത്തിലെ ഓട്ടക്കാരനോട് ഉപമിച്ചു കൊണ്ടാണ് അപ്പോസ്തലനായ പൗലോസ് സംസാരിക്കുന്നത്. ഓട്ടക്കളത്തിൽ ഓടുന്നവർ അനേകർ ആണെന്നും, എന്നാൽ വിജയം നേടുന്നത് ഒരാൾ മാത്രമാണെന്നുമുള്ള യാഥാർത്ഥ്യം അനുസ്മരിപ്പിച്ചുകൊണ്ട് പൗലോസ് നമ്മെ പ്രബോധിപ്പിക്കുന്നത് വിജയം നേടാനുള്ള നിശ്ചയദാർഢ്യത്തോടെ ഓടുവാൻ ആണ്.

**ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നമ്മുടെ ഹൃദയം സ്ഥിരം ആയിരിക്കുന്നുവോ എന്നത് നാം ദിനംതോറും ശോധനചെയ്തുകൊണ്ടിരിക്കേണ്ടത് അതിപ്രധാന വസ്തുതയാണ്. അത് ബോധപൂർവ്വം നാം ചെയ്യുന്നില്ല എങ്കിൽ ക്രിസ്തുവിനോടുള്ള ഏകാഗ്രത കുറഞ്ഞു പോകുന്നത് അറിഞ്ഞു എന്ന് വരില്ല**

> **ഈ ലോകത്തിലെ ജീവിതം ഒരു ഹ്രസ്വകാലമാണ് എന്നറിയാം. എങ്കിലും ഇവിടുത്തെ നേട്ടങ്ങൾക്ക് നാം അമിതപ്രാധാന്യം കൊടുക്കുന്നുണ്ടോ? പേരിനും പണത്തിനും പ്രതാപത്തിനും ഒക്കെ വലിയ മൂല്യം നൽകിക്കൊണ്ടുള്ള ചിന്താഗതി അല്ലെ നമ്മിൽ വേരുപിടിച്ച് വളർന്നുകൊണ്ടിരിക്കുന്നത്?**

ലക്ഷ്യത്തിൽ എത്തുവാനുള്ള ഉറച്ച തീരുമാനവും അതിനുള്ള ക്രമീകരണവും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ അത്യാവശ്യമാണ്. പൂർണമായും ശ്രദ്ധലക്ഷ്യത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു എങ്കിൽ മാത്രമേ ലക്ഷ്യത്തിൽ എത്താൻ കഴിയൂ എന്നത് നമുക്കറിയാവുന്ന യാഥാർത്ഥ്യമല്ലേ? നമ്മുടെ ലക്ഷ്യം ക്രിസ്തുവിനെ നേടുക എന്നതാണ്. അതുകൊണ്ട് നമ്മുടെ ശ്രദ്ധ പൂർണമായും ക്രിസ്തുവിൽ കേന്ദ്രീകരിക്കണം. വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക എന്ന് നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു.

ലക്ഷ്യത്തിൽനിന്ന് അതായത്, ക്രിസ്തുവിൽ നിന്ന് നമ്മുടെ ശ്രദ്ധയും ഏകാഗ്രതയും വ്യതിചലിപ്പിക്കുവാൻ വേണ്ടി ശത്രുവായ പിശാച് എല്ലാ തന്ത്രങ്ങളും മെനയും എന്നത് നാം എപ്പോഴും ഓർക്കേണ്ട യാഥാർത്ഥ്യമാണ്. ക്രിസ്തുവിൽ ഏകാഗ്രചിത്തരായി ഇരിക്കുന്നവർ, എല്ലാവരെക്കാളും എല്ലാറ്റിനേക്കാളും അധികം ക്രിസ്തുവിനെ സ്നേഹിക്കുന്നവരും, അതുകൊണ്ട് എല്ലാറ്റിലും എപ്പോഴും ക്രിസ്തുവിനെ അനുസരിക്കുന്നവരും ആണ്. ഓട്ടം എന്ന് വിവക്ഷിക്കുന്നതു തന്നെ ക്രിസ്തുവിനെ അനുകരിക്കുന്നതിനെയാണ്. എത്ര ദൂരം നമുക്കും ക്രിസ്തുവിനും ഇടയിലുണ്ട് എന്നതാണ് യഥാർത്ഥ വിഷയം. ആ ദൂരം മുഴുവൻ നാം ഓടി തീർക്കണം! എന്ന് പറഞ്ഞാൽ സകലത്തിലും ക്രിസ്തുവിനോട് അനുരൂപരായി നാം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കണം. ആ ലക്ഷ്യത്തിൽ കേന്ദ്രീകൃതമായ ക്രിസ്തീയജീവിതം ആണ് വിജയിക്കുന്നത്.

ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നമ്മുടെ ഹൃദയം സ്ഥിരമായിരിക്കുന്നുവോ എന്നത് നാം ദിനം തോറും ശോധന ചെയ്തുകൊണ്ടിരിക്കേണ്ടത് അതിപ്രധാന വസ്തുതയാണ്. അത് ബോധപൂർവ്വം നാം ചെയ്യുന്നില്ല എങ്കിൽ ക്രിസ്തുവിനോടുള്ള ഏകാഗ്രത കുറഞ്ഞു പോകുന്നത് അറിഞ്ഞു എന്ന് വരില്ല. വെളിപ്പാട് പുസ്തകത്തിലെ എഫേസൊസിലെ സഭയ്ക്ക് ഈ അബദ്ധം സംഭവിച്ചു. അവർ ആദ്യസ്നേഹം വിട്ടുകളഞ്ഞത് അറിയാതെ പോയി. പുറമേയുള്ള എല്ലാ കാര്യങ്ങളിലും അവർ മികവ് ഉള്ളവരായിരുന്നു. എങ്കിലും ക്രിസ്തുവിനോടുള്ള നിറഞ്ഞ സ്നേഹത്തിൽ അധിഷ്ഠിതമായ ആത്മബന്ധത്തിന് അയവ് വന്നു. അതുകൊണ്ട് നാം ഈ വിഷയത്തിൽ ഗൗരവം ഉള്ളവരും ഉറപ്പ് ഉള്ളവരും ആയിരിക്കണം.

കായികതാരങ്ങൾ അച്ചടക്കത്തിൽ വളരെ ശ്രദ്ധാലുക്കളാണ്. ക്രിസ്തീയജീവിതത്തിലും ഗുണനിലവാരം വളരെ അത്യാവശ്യമാണ്. അച്ചടക്കത്തിലൂ ടെയുള്ള സ്വയ ശിക്ഷണവും മുൻകരുതലുകളും ലക്ഷ്യപ്രാപ്തിക്ക് അത്യന്താപേക്ഷിതമാണ്. ആത്മീയ ജീവിതത്തെ എത്ര മാത്രം പ്രാധാന്യതയോടെ കാണുന്നു എന്നതാണ് നാം ഓരോരുത്തരും ചിന്തിക്കേണ്ടത്. ഈ ലോകത്തിലെ ജീവിതം ഒരു ഹ്രസ്വകാലമാണ് എന്നറിയാം. എങ്കിലും ഇവിടുത്തെനേട്ടങ്ങൾക്ക് നാം അമിതപ്രാധാന്യം കൊടുക്കുന്നുണ്ടോ? പേരിനും പണത്തിനും പ്രതാപത്തിനും ഒക്കെ വലിയ മൂല്യം നൽകിക്കൊണ്ടുള്ള ചിന്താഗതി അല്ലെ നമ്മിൽ വേരുപിടിച്ച് വളർന്നുകൊണ്ടിരിക്കുന്നത് എന്നും നാം ചിന്തിക്കണം.

വർജ്ജിക്കേണ്ടവയെ വർജ്ജിക്കുവാൻ ഉള്ള ഇച്ഛാശക്തി ഉള്ളവരായി നാം തീരേണ്ടതു ആവശ്യമാണ്. എനിക്ക് ലാഭം ആയിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു (ഫിലിപ്പിയർ 3:7) എന്ന് പൗലോസ് പറയുന്നതിന്റെ പ്രാധാന്യത വിജയകരമായ ക്രിസ്തീയ ജീവിതത്തിൽ എത്രമാത്രം വലുതാണെന്ന് നാം ചിന്തിക്കണം. വിലയുള്ളതിനെ ത്യജിക്കണമെങ്കിൽ അതിനേക്കാൾ വിലയുള്ളത് നേടാം എന്നുള്ള ഉറപ്പുംനേടുവാനുള്ളതിനെ വ്യക്തമായ അറിവും വേണമല്ലോ? ക്രിസ്തുവിനെ നേടുന്നതുമായി തുലനപ്പെടുത്തിയപ്പോൾ തനിക്കു ലാഭമെന്ന് ഒരിക്കൽ ചിന്തിച്ച കാര്യങ്ങളെല്ലാം എത്ര നിസ്സാരവും വിലകുറഞ്ഞതും ആണെന്ന് പൗലോസിന് മനസ്സിലായി. കാരണം ക്രിസ്തു എന്ന അമൂല്യധനത്തെക്കുറിച്ചുള്ള വെളിപ്പാട് തനിക്ക് ലഭിച്ചു.

നമ്മുടെ ലക്ഷ്യമായ ക്രിസ്തുവിനെ അറിയുന്നതിൽ ഇനിയും നാം വളരേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ചുള്ള വെളിപ്പാട് നമ്മുടെ ആഗ്രഹങ്ങളിലും ചിന്താഗതിയിലും വലിയ മാറ്റങ്ങളുണ്ടാക്കും. ക്രിസ്തുവിനെ നേടുന്ന സൗഭാഗ്യത്തിന്റെ വില അറിയുമ്പോൾ ലോക മോഹങ്ങളെയും വർജ്ജിക്കേണ്ട മറ്റേതിനേയും ലോകത്തിൽ ലാഭം ആയിരിക്കുന്ന എന്തിനെയും പിമ്പിൽ തള്ളിക്കൊണ്ട് നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടുവാൻ കഴിയും

നമ്മെ പ്രബോധിപ്പിക്കുന്ന വിഷയത്തിൽ പൗലോസ് തന്നെത്തന്നെ നമുക്ക് ഒരു മാതൃകയാക്കി കാണിച്ചിരിക്കുന്നു. പൗലോസ് പറയുന്നു; ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണം അല്ല ഓടുന്നത്. ആകാശത്തെ കുത്തുന്നത് പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്. പൗലോസ് പറയുന്നതിനർത്ഥം ഇതാണ്. തന്റെ ലക്ഷ്യത്തെക്കുറിച്ച് തനിക്ക് തികഞ്ഞ നിശ്ചയമുണ്ട്. വിരുതുപ്രാപിപ്പാൻ തക്കവണ്ണം ആണ് താൻ ഓടുന്നത്. താൻ ഒന്നിനാലും അയോഗ്യനായിത്തീരാതെവണ്ണം സൂക്ഷ്മതയുള്ളവനാണ്. ലക്ഷ്യത്തിലെത്തി വിജയം നേടുക എന്നത് തന്റെ ഉറച്ച തീരുമാനമാണ്. തുടർന്നുള്ള പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക; മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവൻ ആയിപ്പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത്. എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ എന്ന് പറയുന്നതിന്റെ സാരം, ഒരു കായികതാരം ചെയ്യുന്നതുപോലെ ഞാനെന്റെ ശരീരത്തെ ചെയ്യേണ്ടതു മാത്രം ചെയ്യേണ്ടതിന് കർശനമായ പരിശീലനത്തിനും അച്ചടക്കത്തിനും വിധേയമാക്കുന്നു എന്നാണ്. ഉദാഹരണമായി നിഷ്ക്രിയരായി സമയം പാഴാക്കാതെ, അമിതഭക്ഷണത്തിന് അടിമപ്പെടാതെ, ഇന്ദ്രിയജയം ഉള്ളവരായിരിക്കുവാൻ, അടിമപ്പെടുത്തുന്ന ആസക്തികളുടെ മേൽ ജയം നേടുവാൻ എന്നു തുടങ്ങി എല്ലാ മേഖലകളിലും

**തന്റെ ലക്ഷ്യത്തെക്കുറിച്ച് തനിക്ക് തികഞ്ഞ നിശ്ചയമുണ്ട്. വിരുതു പ്രാപിപ്പാൻ തക്കവണ്ണം ആണ് താൻ ഓടുന്നത്. താൻ ഒന്നിനാലും അയോഗ്യനായിത്തീരാതെവണ്ണം സൂക്ഷ്മതയുള്ളവനാണ്. ലക്ഷ്യത്തിലെത്തി വിജയം നേടുക എന്നത് തന്റെ ഉറച്ച തീരുമാനമാണ്.**

അച്ചടക്കം ഉള്ളതായി ശരീരത്തെ ദൈവഹിതം അറിഞ്ഞു പ്രവർത്തിക്കുവാനുള്ള ഇച്ഛാശക്തിക്ക് വിധേയമാക്കി നിലനിറുത്തുക. ഇത് ദൈവത്തിന്റെ ആത്മാവിന്റെ നിയന്ത്രണത്തിൽ നമ്മെ സമർപ്പിക്കുന്നതിനാലാണ് സാധിക്കുന്നത്.

മറ്റുള്ളവരോട് പ്രസംഗിച്ചതിനു ശേഷം താൻ തന്നെ കൊള്ളരുതാത്തവൻ ആയിത്തീരുവാൻ ഉള്ള അപകട സാധ്യതയെക്കുറിച്ച് പൗലോസ് ബോധവാനായിരുന്നു. വീഴുകയില്ല എന്ന അമിത ആത്മവിശ്വാസം തനിക്കില്ലായിരുന്നു. കർത്താവ് തന്നെ സൂക്ഷിക്കാൻ ശക്തനാണ് എന്നുള്ളതിൽ പൂർണ്ണമായബോധ്യവും ഉറപ്പും ഉണ്ടായിരുന്നു. അതേസമയം താൻ തന്നെത്തന്നെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൂർണ ബോധവാനായിരുന്നു. ഇപ്രകാരം സന്തുലിതമായി ചിന്തിക്കുവാൻ നമുക്കും കഴിയണം.

പ്രിയരേ, നമ്മെത്തന്നെ നമുക്ക് ശോധന ചെയ്യാം. നമ്മുടെ ആത്മീയ ജീവിതം ലക്ഷ്യം ഉള്ളതാണോ? ക്രിസ്തുവിനെ നേടുക എന്ന ലക്ഷ്യത്തിൽ നാം തികഞ്ഞ നിശ്ചയം ഉള്ളവരോ? ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്നും നിർമ്മലതയിൽ നിന്നും വ്യതിചലിക്കാതെ നമ്മുടെ ഹൃദയത്തെ സൂക്ഷിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? നമ്മെത്തന്നെ ശോധനചെയ്തുകൊണ്ട് വിശ്വാസത്തിൽ നിലനിൽക്കുവാൻ നാം ഉത്സാഹിക്കുന്നുണ്ടോ? വിരുത് പ്രാപിക്കുവാൻ തക്കവണ്ണം ഓടുവാൻ നമ്മെ ഏവരെയും കർത്താവ് പ്രാപ്തരാക്കട്ടെ. ■

**വാഗ്ദത്തത്തിന്റെപൂർണത**

...ആർത്തിരമ്പി തിരകൾ ഉയർത്തുന്ന കടലിനും, പിമ്പേ വരുന്ന ശത്രുസൈന്യത്തിനും, ജനത്തോടു മുമ്പോട്ടുപോകുവാൻ കല്പിക്കുന്ന ദൈവത്തിനും നടുവിൽ കരയുവാൻ മാത്രം കഴിയുന്ന മോശെ. ഈ സാഹചര്യത്തിൽ ജനത്തെ മുമ്പോട്ട്, കടലിനടുത്തേക്ക് നയിക്കുവാൻ നിയോഗം ലഭിക്കുമ്പോൾ അത് അനുസരിക്കുന്നവനു മാത്രമേ കടലിന്റെ അടിയിലെ ഉണങ്ങിയ നിലം അനുഭവിക്കുവാൻ കഴിയൂ....



സാജു മാത്യു

# ദൈവത്തിനുവേണ്ടി പണിയുന്നവരും ദൈവത്താൽ പണിയപ്പെടുന്നവരും

*"ഞാൻ യിസ്രായേലിനെ കൊണ്ടുവന്ന നാൾമുതൽ ഇന്നുവരെയും ഞാൻ ഒരു ആലയത്തിൽ വാസംചെയ്യാതെ കൂടാരത്തിൽനിന്നു കൂടാരത്തിലേക്കും നിവാസത്തിൽനിന്നു നിവാസത്തിലേക്കും സഞ്ചരിച്ചു. (1 ദിനവൃത്താന്തം 17:5)*

വിശ്വാസിയായ ഒരു വ്യക്തി ഒരു കോടിരൂപ മുടക്കിപ്പണിത മണിസൗധത്തിൽ സസുഖം ജീവിക്കുമ്പോൾ, ഒരു ദിവസം അയാൾ സഭാശുശ്രൂഷകനെ വീട്ടിൽ വിളിച്ചുവരുത്തി നല്ലൊരു ഭക്ഷണം കൊടുത്തിട്ട് ഒടുവിൽ ഇങ്ങനെ പറയുന്നുവെന്നു ചിന്തിക്കുക: "ഞാൻ ഈ മനോഹരസൗധത്തിൽ വസിക്കുമ്പോഴൊക്കെ എന്റെ മനസ്സിനെ അലട്ടുന്നതു പൊളിഞ്ഞുവീഴാറായ നമ്മുടെ ആലയമാണ്. അതിനാൽ എന്റെ മനസ്സിൽ ഒരാഗ്രഹം! ഒരുകോടിരൂപ മുടക്കിയിട്ടാണെങ്കിലും മനോഹരമായ ഒരു സഭാമന്ദിരം പണിത് സഭയ്ക്കു നല്കണം!"

സഭാശുശ്രൂഷകന്റെ സ്വാഭാവിക പ്രതികരണം എന്തായിരിക്കാം? "തീർച്ചയായും സഹോദരാ, വളരെ നല്ല കാര്യം. ദൈവം നിങ്ങളെ അനുഗ്രഹിക്കും, ദൈവത്തിന്റെ കരം തീർച്ചയായും നിങ്ങളോടു കൂടെയുണ്ടായിരിക്കും! തീരുമാനത്തിൽനിന്നു പിൻമാറാതെ മുന്നേറുക!!"

ഏതാണ്ട് ഇതിനു സമാനമായ ഒരു സംഭവമാണു നമ്മുടെ വേദഭാഗത്തു നാം കാണുന്നത്. ദാവീദ്, നാഥാൻ പ്രവാചകനെ അടുത്തുവരുത്തി പറയുന്നു: ''ഞാൻ ദേവദാരുകൊണ്ടുള്ള അരമനയിൽ വസിക്കുന്നു; യഹോവയുടെ നിയമപ്പെട്ടകമോ, തിരശ്ശീലയ്ക്കു കീഴെ ഇരിക്കുന്നു" (1 ദിനവൃത്താന്തം 17:1).

നാഥാൻ പ്രവാചകൻ യിസ്രായേലിലെ ദൈവശബ്ദത്തിന്റെ പ്രതീകമാണ്. ദാവീദിന്റെ ചെറുപ്പത്തിൽ ശമൂവേൽ എങ്ങനെ യിസ്രായേലിന്റെ ആത്മീയനായകനായിരുന്നുവോ, അതിനു തുല്യമായി രാജാവുൾപ്പെടെയുള്ളവരോടു ആത്മാവിന്റെ ശബ്ദം പറഞ്ഞുകൊടുക്കുന്ന വ്യക്തിയാണു നാഥാൻ. ദാവീദ് വ്യഭിചാരവും കൊലപാതകവും നടത്തിയപ്പോൾ അതിനെതിരായി ചങ്കുറപ്പോടെ ദൈവശബ്ദം പ്രവചിച്ചവനാണു നാഥാൻ പ്രവാചകൻ.

ഇപ്പോൾ ദേവദാരുകൊണ്ടുള്ള അരമനയിൽ താമസിക്കുന്ന ദാവീദ് ദൈവത്തിന്റെ നിയമപെട്ടകത്തിന്, ദൈവത്തിന് ഒരു ആലയം പണിയാൻ താത്പര്യം പ്രകടിപ്പിച്ചപ്പോൾ രണ്ടാമതൊന്നും ആലോചിക്കാതെ പറഞ്ഞു: ആയിക്കൊട്ടെ; പണിതോളൂ... നിന്റെ താത്പര്യംപോലെയൊക്കെ ചെയ്താലും...യഹോവ നിന്നോടുകൂടെയുണ്ട്.." (1 ദിനവൃത്താന്തം 17:2).

യഹോവയുടെ നിയമപ്പെട്ടകം ഒരു വിശുദ്ധവസ്തുവായി യിസ്രായേല്യർ കരുതിയിരുന്നു -ചിലപ്പോഴൊക്കെ ഒരു 'മാന്ത്രിക' വസ്തു എന്നപോലെയും. (അതുകൊണ്ടാണല്ലോ യുദ്ധസമയങ്ങളിൽ യഹോവയുടെ പെട്ടകത്തെ പടക്കളത്തിലേക്കു കൊണ്ടുപോയിരുന്നത് (1 ശമൂവേൽ 4:28). ഇപ്പോൾ യുദ്ധത്തിന്റെ കാലമെല്ലാം കഴിഞ്ഞു (നമ്മുടെ വേദഭാഗത്തിന്റെ പാരലൽ പാസ്സേജ് നാം കാണുന്നത് 2 ശമൂവേൽ 7-ാം അധ്യായത്തിലാണ്. അവിടെ ഈ വേദഭാഗം തുടങ്ങുന്നതുതന്നെ, "യഹോവ ചുറ്റുമുള്ള സകല ശത്രുക്കളെയും അടക്കി രാജാവിനു

സ്വസ്ഥത നല്കിയശേഷം" എന്നു പറഞ്ഞാണ്). ഇനിയിപ്പോൾ പെട്ടകത്തിനു ഒരു വിശ്രാമസ്ഥലം കൊടുത്താലും വേണ്ടില്ല!

ചിലർ അങ്ങനെയാണ്. ദൈവത്തെ സ്വന്തം കാര്യങ്ങളുടെയും ഇഷ്ടങ്ങളുടെയും പൂർത്തീകരണത്തിനായി ആവോളം ഉപയോഗിക്കും. ഒടുവിൽ അവർ 'സ്വസ്ഥ'രാകുമ്പോൾ ദൈവത്തിനു 'സ്വസ്ഥത' കൊടുക്കുന്നതിനെക്കുറിച്ചായിരിക്കും അവരുടെ ചിന്ത.

"മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക", എന്നത് അവർ ആലോചിച്ചില്ല. ദേവദാരുകൊണ്ടു തനിക്കു കൊട്ടാരം പണിതു കഴിഞ്ഞപ്പോൾ ദൈവത്തിനു ഒരു ആലയം പണിതുകൊടുക്കാമെന്നു ദാവീദ് ചിന്തിച്ചു...

അതുപോട്ടെ...അല്പം വൈകിയാണെങ്കിലും വളരെ സ്വാഗതാർഹമായ ഒരു തീരുമാനമല്ലേ ദാവീദിന്റേത് എന്നു സ്വാഭാവികമായും ചോദ്യം ഉയരാം. എത്രയോ ആളുകൾ ധനവും സമൃദ്ധിയും വരുമ്പോൾ ദൈവത്തിന്റെ കാര്യം മറന്നുപോകുന്നു? ഇപ്പോഴെങ്കിലും ദാവീദിനു ദൈവത്തിന്റെ നിവാസത്തെപ്പറ്റി ആഴമുള്ള കരുതൽ ഉണ്ടായല്ലോ...

ഈ ചിന്ത കൊണ്ടാവണം നാഥാൻ പ്രവാചകൻ ദാവീദിന്റെ തീരുമാനത്തെ ഒറ്റയടിക്കു ശരിവയ്ക്കുന്നത്...''യഹോവ നിന്നോടുകൂടെയുണ്ട്'' എന്നു നാഥാൻ ദാവീദിനു ഉറപ്പുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ ഇക്കാര്യത്തിൽ യഹോവ ദാവീദിനോടുകൂടെ ഉണ്ടോ, ഇല്ലയോ എന്നു നാഥാൻ പ്രവാചകൻ യഹോവയോട് ആലോചന ചോദിച്ചോ? ഇല്ല! ഇവിടെയാണു പ്രവാചകന്മാർക്കും അബദ്ധം പറ്റുന്നത്.

ദൈവത്തിനു ദേവദാരുകൊണ്ട് ഒരു ആലയം പണിയുക എന്നതു മാനുഷിക ദൃഷ്ടിയിൽ ശ്രേഷ്ഠമായ ഒരു ആലോചനയാണ്. മാനുഷികമായി ശ്രേഷ്ഠമായതൊക്കെ ദൈവികമാണെന്നു നാം അറിയാതെ ചിന്തിച്ചുപോകും. ദൈവത്തിന്റെ തിരുനിവാസത്തിനായി രാജകിയ പ്രൗഢിയിൽ ഒരു മണിമന്ദിരം പണിയാൻ രാജാവു തീരുമാനിച്ചാൽ "യഹോവ നിന്നോടുകൂടെയുണ്ട്" എന്നു പറയാൻ പ്രത്യേക ആലോചന വേണോ?

അന്നു രാത്രി യഹോവ നാഥാൻ പ്രവാചകനു പ്രത്യക്ഷനായി. ഒരു പക്ഷേ, ദൈവം അന്ന് അവനെ 'ഊടു പാട്' ശാസിച്ചുകാണണം. "എന്തൊക്കെയാണു നീ ദാവീദിന്റെ മുമ്പിൽ തട്ടിവിട്ടത്? ആലയം പണിതോളൂ, യഹോവ നിന്നോടു കൂടെയുണ്ട്' എന്നോ? ഞാൻ അവനോടുകൂടെയുണ്ടോ എന്നു നീ എന്നോടു ചോദിച്ചോ? ഒരു കാര്യം ഞാൻ പറഞ്ഞേക്കാം... നിന്റെ മാനുഷിക ബുദ്ധിയിൽ നല്ലതെന്നു തോന്നുന്ന കാര്യങ്ങളൊക്കെ ഞാൻ പറഞ്ഞതാണെന്ന രീതിയിൽ വെറുതെ തട്ടിവിട്ടേക്കരുത്...

ആത്മജ്ഞാനം പ്രാപിച്ച നിനക്കും ഇതൊന്നും മനസിലാക്കാൻ കഴിഞ്ഞിട്ടില്ലേ? ഞാൻ യിസ്രായേലിനെ മിസ്രയീമിൽനിന്നു വിടുവിച്ചുകൊണ്ടുവന്ന നാൾ മുതൽ ഇന്നുവരെ ദേവദാരുകൊണ്ടുള്ള ഈ ആലത്തിൽ വാസം ചെയ്യാതിരുന്നത് എന്റെ 'ഗതികേടു' കൊണ്ടാണെന്നു ചിന്തിക്കുന്നുണ്ടോ? ഒരിക്കലുമല്ല. എന്റെ ജനം കൂടാരങ്ങളിൽനിന്നു കൂടാരങ്ങളിലേക്കു മാറിയപ്പോൾ അവരോടുകൂടെ ഞാനും, ആലയത്തിൽ വാസംചെയ്യാതെ കൂടാരത്തിൽ നിന്നു കൂടാരത്തിലേക്കും നിവാസത്തിൽനിന്നു നിവാസത്തിലേക്കും മാറിമാറി സഞ്ചരിച്ചു (1 ദിനവൃത്താന്തം 17:5). അതു വേറെ ഗതിയില്ലാഞ്ഞിട്ടല്ല, ഞാൻ അതു തെരഞ്ഞെടുത്തതു (choice) കൊണ്ടാണ്! എന്റെ കഴിഞ്ഞകാല ന്യായാധിപന്മാരിൽ ആരോടെങ്കിലും നിങ്ങൾ എനിക്കു ദേവദാരുകൊണ്ട് ഒരു ആലയം പണിയാതിരിക്കുന്നത് എന്ത് എന്നു ഒരു വാക്കു ചോദിച്ചിട്ടുണ്ടോ? (1 ദിനവൃത്താന്തം 17:6).

സ്വർഗവും സ്വർഗാധിസ്വർഗവും സൃഷ്ടിച്ച ദൈവം തിരശ്ശീലകളുടെ മറവിലേക്കു തന്റെ തിരുനിവാസം ഒതുക്കിയത് കൂടാരങ്ങളിൽ വസിച്ചുകൊണ്ടു ജനത്തോടുകാണിച്ച ഔദാര്യമാണെന്നു ആത്മീയർ തിരിച്ചറിഞ്ഞിരിക്കണം. അതിനിടയിൽ ഒരു ഔദാര്യമെന്നപോലെ ദാവീദ് ദൈവത്തിനു വേണ്ടി ആലയം പണിയാൻ ചെന്നാൽ അതു ദൈവത്തിനു പ്രസാദമായിരിക്കില്ല. ഇന്നും, കർത്താവിനുവേണ്ടി അധ്വാനിക്കുകയും കർത്താവിന്റെ വേലയ്ക്കുവേണ്ടി കൊടുക്കുകയും ചെയ്യുന്ന പലരുടെയും ചിന്ത, ദൈവത്തിനു ഔദാര്യം ചെയ്യുന്നുവെന്നപോലെയാണ്! ദൈവത്തിനുറ ആരുടെയും ഔദാര്യം വേണ്ട എന്നതു നാം നന്നായി തിരിച്ചറിഞ്ഞിരിക്കണം.

'ആലയം പണിയേണ്ടതു ദാവീദല്ല' എന്ന് അവനെ ഓർമിപ്പിക്കുന്നതിനോടൊപ്പം (1 ദിനവൃത്താന്തം 17:4), ദൈവം അവന്റെ അഹങ്കാരത്തെ കളിയാക്കുന്നുമുണ്ട്. ദൈവം നാഥാൻ പ്രവാചകനോടു പറയുന്നു: " കൊട്ടാരമുണ്ടായപ്പോഴാണല്ലോ ദാവീദിനു എന്റെ നിയമപ്പെട്ടകത്തിനായി ദേവദാരുകൊണ്ട് ആലയം പണിയാൻ തോന്നിയത്. അവ

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# സ്വാതന്ത്ര്യവും അടിമത്തവും

***സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതയ്ക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായി നടപ്പിൻ (1 പത്രോസ് 2: 16). എന്നൊരു വചനം പത്രോസിന്റെ എഴുത്തുകളിൽ കാണാം.***

ഒരേസമയം സ്വാതന്ത്ര്യത്തോടെയും അപ്പോൾ തന്നെ ഒരു അടിമയായും നാം ജീവിക്കണം. കർത്താവ് നമ്മെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും ഭയത്തിൽ നിന്നും സ്വതന്ത്രരാക്കി. പിശാചിന് ഇനി നമ്മുടെ മേൽ യാതൊരു അധികാരവും ഇല്ല. അതുകൊണ്ടുതന്നെ നാം ആരുടെയും ഒന്നിന്റെയും അടിമയുമല്ല. പക്ഷേ നാം കർത്താവിന്റെ അടിമയാണ്. ദൈവവചനത്തിന്റെ അച്ചടക്കവലയത്തിലാണ്. ഓരോ നിമിഷവും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലാണ്.

മുടിയനായപുത്രൻ സ്വാതന്ത്ര്യം ആഗ്രഹിച്ചാണ് വീട് വിട്ടുപോയത്. സാമ്പത്തികസ്വാതന്ത്ര്യം, സാമൂഹികസ്വാതന്ത്ര്യം, ലൈംഗികസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം ഇവയെല്ലാം തനിക്ക് ലഭിച്ചു. അതൊക്കെ മതിവരുവോളം ആസ്വദിച്ച ശേഷം അവൻ യഥാർത്ഥ സ്വാതന്ത്ര്യം തിരിച്ചറിയുന്നു. അപ്പന്റെ കീഴിലെ അടിമത്തത്തെക്കാൾ വലിയ സ്വാതന്ത്ര്യം ലോകത്തിൽ ഒരിടത്തും ഇല്ല. അപ്പന്റെ ഭവനത്തിൽ ചില നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ട്. പക്ഷേ അതിനെയെല്ലാം കവർ ചെയ്യുന്ന സ്നേഹവും ഉണ്ട്. അളക്കാനാവാത്ത ആ സ്നേഹത്തിന്റെ അടിമത്തം എന്തൊരു സുഖമാണ്. ഇനിയും ഒരിക്കൽ ക്കൂടി ഈ വീടു വിട്ടു പോകുമോയെന്നു ധൂർത്തുപ്രുത്രനോട് ചോദിച്ചാൽ അവൻ പറയും ഇല്ല, ഒരിക്കലുമില്ല. അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും. മടങ്ങിവരവിന്റെ മുഹൂർത്തത്തിൽ ധൂർത്തുപുത്രൻ പറയുന്ന വാക്കുകളിൽ എല്ലാം അടങ്ങിയിട്ടുണ്ട്. നിന്റെ കൂലിക്കാരിൽ ഒരുത്തനെ പോലെ എന്നെ ആക്കേണമേ...

**അതൊക്കെ മതിവരുവോളം ആസ്വദിച്ച ശേഷം അവൻ യഥാർത്ഥ സ്വാതന്ത്ര്യം തിരിച്ചറിയുന്നു. അപ്പന്റെ കീഴിലെ അടിമത്തത്തെക്കാൾ വലിയ സ്വാതന്ത്ര്യം ലോകത്തിൽ ഒരിടത്തും ഇല്ല. അപ്പന്റെ ഭവനത്തിൽ ചില നിയമങ്ങളും നിയന്ത്രണങ്ങളും ഉണ്ട്.**

ഈ മകൻ പണ്ട് പറഞ്ഞത്; അപ്പാ എനിക്ക് തരേണമേ എന്നാണ്. വസ്തുവിൽ എനിക്ക് വരേണ്ടുന്ന പങ്ക് തരേണമേ... (ലൂക്കോസ് 15:12). ഇപ്പോൾ അവൻ പറയുന്നത് എന്നെ ആക്കേണമേ... എന്താക്കണം? പ്രസിഡൻറ് ആക്കണം, സെക്രട്ടറി ആക്കണം എന്നൊന്നും അല്ല. ഈ വീട്ടിലെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ ആക്കേണമേ. ഇങ്ങനെ ലളിതമായ ആഗ്രഹം അവതരിപ്പിച്ചതിന്റെ പിന്നിൽ മറ്റൊരു മഹനീയ സത്യം മറഞ്ഞു കിടപ്പുണ്ട്. ഞാൻ മറ്റൊരു മുതലാളിയെ പരിചയപ്പെട്ടു. അവിടെ ധാരാളം ജോലിക്കാർ ഉണ്ട്. പക്ഷേ അദ്ദേഹം ക്രൂരനാണ്. കാരണം എനിക്ക് ശമ്പളമില്ല, അക്കൊമഡേഷൻ ഇല്ല,

ഇത്തിരി ഭക്ഷണം പോലും വിശപ്പ് മാറുന്നതു പോലെ തരികയില്ല. ഒടുവിൽ ഞാൻ മൃഗത്തിന് കൊടുക്കുന്ന ഭക്ഷണം എങ്കിലും തിന്നാൻ ആഗ്രഹിച്ചു. എന്നാലും എന്റെ തെറ്റ് തിരിച്ചറിയാനോ അപ്പനെ ഓർക്കാനോ ഞാൻ കൂട്ടാക്കിയില്ല. എന്നാൽ ആ ദിവസം: അത് ഞാൻ ഒരിക്കലും മറക്കില്ല. മൃഗത്തിന്റെ ഭക്ഷണം പോലും എനിക്ക് വിലക്കപ്പെട്ടപ്പോൾ ഞാൻ ഒരു കാര്യം തിരിച്ചറിഞ്ഞു. എന്റെ അപ്പൻ എത്ര നല്ലവൻ. ഞങ്ങളുടെ വീട്ടിലെ ജോലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു. അതിൽ അൽപ്പം ലഭിച്ചാൽ ഇപ്പോൾ എനിക്കത് നിധിയാണ്. **അപ്പന്റെ വീട്ടിലെ സ്നേഹത്തിൽ പൊതിഞ്ഞ അടിമത്വം ലോകത്തിലെ മുഴുവൻ സ്വാതന്ത്ര്യത്തെക്കാൾ വിലയേറിയതാണ്.**

ആവർത്തനപുസ്തകം പതിനഞ്ചാം അധ്യായത്തിൽ ഇതിനു സമാനമായ ഒരു കാര്യം കാണാം. ഒരു ദാസൻ ഏഴുവർഷം യജമാനനെ സേവിച്ചാൽ ഏഴാം വർഷത്തിൽ അവനെ സ്വതന്ത്രനായി വിട്ടയക്കേണം. ധാരാളം സമ്മാനങ്ങളും ഔദാര്യ ദാനങ്ങളും കൊടുത്തയക്കുകയും വേണം. എന്നാൽ ആ സമയം ആയപ്പോൾ ഒരു ദാസൻ പറയുകയാണ്, ഞാൻ പോവുകയില്ല, കാരണം ഞാൻ അങ്ങയേയും കുടുംബത്തെയും അത്രയ്ക്ക് സ്നേഹിക്കുന്നു. മാത്രമല്ല എനിക്കിവിടെ സുഖമാണ്. ഈ അടിമത്വം എനിക്ക് പരമസുഖമാണ്. അങ്ങനെ പറയുന്ന ആ ദാസനെ ശരീരത്തിൽ ഒരു (അടയാളം) മുറിവേൽപ്പിച്ചു കൊണ്ട് അവനെ അവിടെ തുടരുവാൻ അനുവദിക്കുന്നു (ആവർത്തനം 15: 12 - 17).

ഇവൻ ദാസനും ആണ് സ്വതന്ത്രനുമാണ്. ഇതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം. കർത്താവിന്റെ മൃദുവായ നുകത്തിൻ കീഴിൽ സന്തോഷത്തോടെ തുടരുക. പാപത്തിന്റെയും ശാപത്തിന്റെയും പിശാചിന്റെയും നുകത്തെ ഒടിച്ച് നമ്മെ സ്വതന്ത്രരാക്കിയ കർത്താവിന്റെ കീഴിലെ അടിമത്തം എത്ര സുന്ദരം, എത്ര സുഖപ്രദം, ഇവിടുത്തെ നിയമം സ്നേഹമാണ്. അനുസരണവും ശിക്ഷയും എല്ലാം സ്നേഹത്തിൽ നിന്നാണ്. ■

# ആയുധത്തിന് മൂർച്ച വരുത്തുക

അപ്പുവും രാമുവും മരംവെട്ടുകാരായിരുന്നു. അവർ ഒരേ റബ്ബർ തോട്ടത്തിൽ പഴയ മരങ്ങൾ വെട്ടി നീക്കുന്ന ജോലി ചെയ്യുകയായിരുന്നു. അപ്പു രാവിലെ തുടങ്ങി വൈകുന്നേരം വരെ ഒട്ടും വിശ്രമിക്കാതെ മരങ്ങൾ വെട്ടിക്കൊണ്ടിരുന്നു. രാമു ആകട്ടെ ഇടക്കിടെ വിശ്രമത്തിനായി സമയം വേർതിരിക്കുന്നത് അപ്പു ശ്രദ്ധിച്ചു. അവൻ മടിയനാണെന്നും വൈകുന്നേരം എണ്ണം നോക്കുമ്പോൾ താനായിരിക്കും കൂടുതൽ മരങ്ങൾ മുറിച്ചതെന്നും അപ്പു കരുതി. എന്നാൽ തിരിച്ചായിരുന്നു സംഭവിച്ചത്. പിറ്റേന്നും ഇത് ആവർത്തിച്ചു. ഒടുവിൽ അപ്പു രാമുവിനോട് ഇതിന്റെ രഹസ്യം ചോദിച്ചു. നീ ഇടക്കിടെ മടിച്ചിരുന്നിട്ടും എന്തുകൊണ്ടാണ് എന്നേക്കാൾ കൂടുതൽ മരങ്ങൾ മുറിക്കുന്നത്. രാമുവിന്റെ മറുപടി ഇപ്രകാരമായിരുന്നു. സ്നേഹിതാ, നീ വിചാരിച്ചതുപോലെ ഞാൻ മടിച്ചിരിക്കയല്ലായിരുന്നു, മറിച്ച് കോടാലി മൂർച്ച വരുത്താൻ സമയം എടുക്കുകയായിരുന്നു. തുടർച്ചയായുള്ള മരം വെട്ടലിനിടയിൽ അത് വിശ്രമത്തിനും ഉതകി. അപ്പോഴാണ് അപ്പുവിന് മനസ്സിലായത്, തിരക്കിട്ട് അധ്വാനിച്ചതുകൊണ്ട് മാത്രമായില്ല ശരിയായ ഒരുക്കവും ആയുധങ്ങളുടെ മൂർച്ചയും മികച്ച പ്രവർത്തനത്തിന് ആവശ്യമാണെന്ന്.

ക്രിസ്തീയ പ്രവർത്തകരെ സംബന്ധിച്ച് രാപ്പകൽ വിശ്രമമില്ലാതെ എന്തെങ്കിലും ചെയ്തുകൂട്ടുന്നതിൽ മാത്രമല്ല, ദൈവസന്നിധിയിലിരുന്ന് പ്രാർത്ഥിക്കുന്നതിനും ധ്യാനിക്കുന്നതിനും കൂടി സമയം കണ്ടെത്തിയാൽ ദൈവഹിതം മനസ്സിലാക്കി ഫലപ്രദമായി പ്രവർത്തിക്കാൻ ഇടയാകും. വ്യക്തിപരമായ ആത്മീകചൈതന്യം നിലനിർത്താനും ഇത് സഹായിക്കും.

**കെ.വി.ആർ**



ജോർജ് മാത്യു, പുതുപ്പള്ളി

# നന്ദിയുള്ള ഹൃദയത്തിൽ വിഷാദചിന്തയ്ക്കു സ്ഥാനമില്ല

കാരണം ഒന്നുമില്ലാതെ ചില സമയങ്ങളിൽ നമ്മുടെ മനസിൽ വിഷാദം അനുഭവപ്പെടുന്നു. മറ്റുള്ളവർ ചോദിക്കും: 'നിങ്ങൾക്ക് ഇന്നൊരു മ്ലാനത കാണുന്നല്ലോ, എന്താണു കാരണം?' കാരണം മറ്റൊന്നുമല്ല. നമുക്ക് ഇഷ്ടപ്പെടാത്ത ചില അനുഭവങ്ങളെ ചെറുത്തു നിൽപ്പാൻ കഴിയാതെ അവയെ ഉപബോധമനസിൽ അമർത്തിവയ്ക്കാൻ നാം ശ്രമിക്കുന്നു. ഉപബോധമനസിൽ കുടിയിരിക്കുന്ന ഇത്തരം ചിന്തകളെയെല്ലാം നിയന്ത്രിക്കുന്നത് അന്ധകാരലോകമാണ്. ദുരാത്മാക്കളും അവയുടെ പ്രവർത്തനങ്ങളും ഒരു യാഥാർഥ്യമാണ്. അതിനെക്കുറിച്ച് ആധികാരികതയോടെ പഠിപ്പിക്കുന്ന ഗ്രന്ഥം ബൈബിൾ മാത്രമാണ്.

സാത്താന് വിഷാദചിന്തകളുടെ മേൽ വ്യക്തമായ സ്വാധീനമുണ്ട്. അന്ധകാര സാമ്രാജ്യത്തിന്റെ പ്രഭുവാണ് അവൻ. മഹാദൈവമായ യേശുകർത്താവ് പറഞ്ഞു: 'ഇതാ, ലോകത്തിന്റെ പ്രഭു വരുന്നു. അവന് എന്നോട് ഒരു കാര്യവുമില്ല' (യോഹന്നാൻ 14 : 30). വിഷാദചിന്തകളെ നിയന്ത്രിക്കുവാനും അതിജീവിക്കുവാനും കഴിയാതെ ചില മനുഷ്യർ മനോരോഗങ്ങളിലേക്കും ആത്മഹത്യയിലേക്കും തിരിയുന്നു. തന്റെ തന്ത്രം വിജയിച്ചതു കണ്ട് സാത്താനും കൂട്ടരും ജയഭേരി മുഴക്കുന്നു. വിഷാദചിന്തകളെ ചെറുത്തു തോൽപ്പിക്കാനുള്ള കഴിവില്ലായ്മയുടെ ഫലമാണ് ഇതെല്ലാം.

**മൃദുല പ്രകൃതക്കാരെയാണ് മറ്റുള്ളവരെക്കാൾ അധികമായി വിഷാദം കീഴടക്കുക. യേശുവിനു മാത്രമേ അവരെ ദൈവിക സമാധാനം നൽകി ആശ്വസിപ്പിക്കുവാൻ കഴിയുകയുള്ളൂ.**

തൊട്ടാൽവാടി മനസുള്ളവരെയും മൃദുല പ്രകൃതക്കാരെയുമാണ് മറ്റുള്ളവരെക്കാൾ അധികമായി വിഷാദം കീഴടക്കുക. യേശുവിനു മാത്രമേ അവരെ ദൈവിക സമാധാനം നൽകി ആശ്വസിപ്പിക്കുവാൻ കഴിയുകയുള്ളൂ. കാരണം അവൻ സമാധാന പ്രഭുവാണ് (യെശയ്യാവ് 9 : 6). വിശ്വാസത്താലും പ്രാർത്ഥനയാലും വിഷാദചിന്തകളിൽനിന്നു പുറത്തുവരാൻ നമുക്കു കഴിയും. യേശുവിന്റെ സഹായം ഈ സാഹചര്യത്തിൽ അനിവാര്യമാണ്. വിചാരങ്ങളും വികാരങ്ങളും ഉപബോധമനസിൽ അമർത്തി വയ്ക്കുന്നിടത്തോളം കാലം വിഷാദത്തിൽനിന്ന് മോചനം ലഭിക്കുകയില്ല.

വിഷാദചിന്തകളെ പരിശുദ്ധാത്മശക്തിയാൽ നാം ആട്ടിപ്പായിച്ചേ പറ്റൂ. അനേകർ അതിനു ശ്രമിക്കാതെ മന:ക്ലേശവും ഉത്കണ്ഠയും ഭീതിയും നിരന്തര വിഷാദവും കാരണം മനോരോഗാശുപത്രികളെ അഭയം പ്രാപിക്കുന്നു. മനോരോഗങ്ങളിൽ 80 ശതമാനത്തിന്റെയും കാരണം ഉപബോധമനസിൽ ഒതുക്കിവയ്ക്കുന്നതും വെളിച്ചം കാണാൻ അനുവദിക്കാത്തതുമായ, എന്നുവച്ചാൽ ആരോടും പങ്കുവയ്ക്കാത്ത വിഷാദചിന്തകളും, തൽഫലമായ മ്ലാനതയും ആണെന്ന് ആധുനിക വൈദ്യശാസ്ത്രം വെളിപ്പെടുത്തുന്നു. ഈ സ്ഥിതിയിൽ തുടരുന്നവർക്കു ദു:ഖവും നിരാശയും

മനോവൈകല്യങ്ങളും ഉണ്ടാകുവാൻ സാദ്ധ്യത കൂടുതലാണ്.

ഇതിൽനിന്നു മോചനം പ്രാപിക്കുവാനുള്ള ആദ്യപടി, നമ്മുടെ മ്ലാനതയുടെയും വിഷാദത്തിന്റെയും കാരണം കണ്ടുപിടിക്കുക എന്നതാണ്. യേശുവിന്റെ പരിശുദ്ധരക്തത്തിൽ ആശ്രയിച്ച് മോചനത്തിനായി പ്രാർത്ഥിക്കുക. തീർച്ചയായും വിഷാദം നമ്മെ വിട്ടോടും. 'സകല ബുദ്ധിയെയും കവിയുന്ന ദൈവികസമാധാനം' (ഫിലിപ്യർ 4 : 7) നമ്മുടെ ഹൃദയങ്ങളിൽ നിറയും. അപമാനങ്ങൾ സഹിക്കുക വേദനാജനകമാണെങ്കിലും അവയ്ക്കുവേണ്ടി സ്തോത്രം ചെയ്തു തുടങ്ങുമ്പോൾ അവ ആസ്വാദ്യകരമായി അനുഭവപ്പെടും. നമുക്ക് ഉണ്ടാകുന്ന അപമാനങ്ങളിലൂടെ നമ്മുടെ ഉള്ളിൽ പിടിമുറുക്കിയിരിക്കുന്ന നിഗളസ്വഭാവത്തെ ദൈവം തകർക്കുകയാണ് ചെയ്യുക.

വിഷാദചിന്ത ഇല്ലാതെയാക്കാൻ നന്ദിയുള്ള ഒരു ഹൃദയം നമ്മെ ഏറെ സഹായിക്കും. നാം ദൈവത്തോടും മനുഷ്യരോടും നന്ദിയുള്ളവർ ആയിരിക്കണം. നന്ദിയില്ലായ്മ ഹീനമായ ഒരു സ്വഭാവമാണ്. പത്തു കുഷ്ഠരോഗികളെ യേശു കർത്താവ് സൗഖ്യമാക്കി. അവരിൽ ഒരാൾ മാത്രം യേശുവിനു നന്ദി പറഞ്ഞു. 'പത്തുപേർ ശുദ്ധമായല്ലോ? ബാക്കി ഒമ്പതു പേർ എവിടെ? ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിനു മഹത്വം കൊടുക്കാൻ ആരെയും കണ്ടില്ലല്ലോ?' (ലൂക്കൊസ് 17 : 16) എന്നു വേദനയോടെ കർത്താവ് ചോദിച്ചു. നന്ദി എന്ന വാക്ക് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത് അമേരിക്കക്കാരാണെന്ന് തോന്നിയിട്ടുണ്ട്. ഏതു നിസാരകാര്യത്തിനും അവർ നന്ദി പറയും. ദുഃഖകരമെങ്കിലും പറയട്ടെ, നന്ദി പറയുവാൻ ഏറ്റവും മടികാണിക്കുന്നത് നമ്മൾ മലയാളികളാണെന്നു തോന്നിയിട്ടുണ്ട്.

നന്ദികേട് ഗുരുതരമായ ഒരു പാപമാണ്. ചിലരെപ്പറ്റി വേദനയോടെ നാം പറയാറുണ്ട്, 'ഞാൻ എന്തുമാത്രം ഉപകാരം ചെയ്ത വ്യക്തിയാണ്, എന്തു ചെയ്യാം? നന്ദി ലവലേശമില്ല'. അന്ത്യനാളിൽ വെളിപ്പെടുന്ന'എതിർക്രിസ്തു'വിന്റെ (Anti-Christ) സ്വഭാവങ്ങളിൽ ഒന്നാണ് നന്ദിയില്ലായ്മ (1 തിമൊഥെയൊസ് 3 : 2). നന്ദിയില്ലാത്തവർക്കു ലഭിക്കുവാൻ പോകുന്ന ദൈവിക ശിക്ഷാവിധി അതികഠിനമായിരിക്കും. 'യഹോവ ചെയ്ത സകല ഉപകാരങ്ങൾക്കും അവന് ഞാൻ എന്തു പകരം കൊടുക്കും? എന്ന് സങ്കീർത്തനക്കാരൻ ചോദിക്കുന്നു. മറുപടിയും അദ്ദേഹം തന്നെ പറയുന്നുണ്ട്. 'ഞാൻ രക്ഷയുടെ പാനപാത്രമെടുത്ത് യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിക്കും. ഞാൻ യഹോവയ്ക്ക് അവന്റെ നേർച്ചകളെ നാൾതോറും കഴിക്കും' (സങ്കീർത്തനം 116 : 12 - 14).

നന്ദികേടിനെ കീഴടക്കാൻ എന്താണു മാർഗം? അടിസ്ഥാനകാരണം തിരിച്ചറിയുക എന്നതാണു പരമ പ്രധാനം. നന്ദികേടിന്റെ വേരു സ്ഥിതിചെയ്യുന്നത് അഹങ്കാരത്തിലാണ്. തങ്ങൾക്കു ഉപകാരം ചെയ്യാൻ മറ്റുള്ളവർ ബാദ്ധ്യസ്ഥരാണെന്നാണ് അഹങ്കാരികൾ ചിന്തിക്കുന്നത്. അതു തങ്ങളുടെ അവകാശമാണെന്നും അവർ കരുതുന്നു. ദൈവം ചെയ്യുന്ന നന്മകൾ കാണാൻ അവർക്കു കണ്ണില്ല. വായു, വെള്ളം, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ സൗജന്യമായി നൽകുന്ന ദൈവത്തെ അവർ കുറ്റപ്പെടുത്തുന്നു. നന്ദിയില്ലായ്മയുടെ കൂടപ്പിറപ്പാണ് പിറുപിറുപ്പ്. അഹങ്കാരത്തിൽ അധിഷ്ഠിതമായ കൃത്ഘ്നതയെപ്പറ്റി അവർ ബോധവാന്മാരല്ല. നന്ദിയില്ലായ്മയെക്കുറിച്ച് ആഴമായ അനുതാപവും മാനസാന്തരവും ലഭിക്കാൻ നമുക്ക് കണ്ണീരോടെ പ്രാർത്ഥിക്കാം. ദൈവത്തോടും മനുഷ്യരോടും നന്ദിനിറഞ്ഞ ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കട്ടെ.

ഓരോ ദിവസവും ദൈവം ചെയ്യുന്ന നന്മകൾക്ക് നമുക്ക് ദൈവത്തെ സ്തുതിച്ചു തുടങ്ങാം. ഒരു ദിവസം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവത്തിനു നന്ദിനിറഞ്ഞ ഹൃദയത്തോടെ സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചു കൊണ്ടായിരിക്കട്ടെ. സ്തോത്രത്തിന്റെ കീർത്തനവും പ്രാർത്ഥനയും അത്യുന്നതങ്ങളിലേക്ക് ഉയരട്ടെ. ദൈവത്തിൽ നിന്നും മനുഷ്യരിൽനിന്നും ഓരോ ദിവസവും നമുക്കു ലഭിക്കുന്ന നന്മകൾ എത്രമാത്രം വലിയവയാണെന്നു തിരിച്ചറിയുക. ദൈവത്തിന്റെ കരുണയെയും മനുഷ്യർ ചെയ്യുന്ന ഉപകാരത്തെയും ഓരോ ദിവസവും അനുസ്മരിക്കുക. ഇതു പരിശീലിക്കുമ്പോൾ ദൈവത്തോടും മനുഷ്യരോടുമുള്ള നന്ദിയാൽ നമ്മുടെ ഹൃദയം നിറയും. നന്ദിയുള്ളവർ സദാ സന്തുഷ്ടരും അല്ലാത്തവർ എല്ലായ്പ്പോഴും അസ്വസ്ഥരും ആയിരിക്കും. കൃതജ്ഞതയുള്ളവർക്കേ സ്നേഹാർദ്രമായ ഒരു ഹൃദയത്തിന് ഉടമകളായിരിക്കുവാൻ കഴിയുകയുള്ളൂ.

നമുക്ക് ഏറ്റവുമധികം നന്ദിയുണ്ടായിരിക്കേണ്ടത് സർവശക്തനായ ദൈവത്തോട് ആയിരിക്കണം. യേശുവാണ് സ്വന്തജീവൻ നൽകി നമ്മുടെ പകരക്കാരനായി, നമ്മുടെ ശിക്ഷ ഏറ്റെടുത്തത്. യേശുവാണ് നരകത്തിൽനിന്ന് സ്വർഗത്തിലേക്കു

ശേഷം പേജ് 30 ▶



ഡേവിഡ് വിൽക്കേഴ്സൺ

# ഭൗതീക സമൃദ്ധി ദൈവപ്രസാദത്തിന്റെ തെളിവോ?

പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു. വിശ്വാസത്താൽ അവൻ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചു നിൽക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു (എബ്രായർ 11:25 - 27).

ഒരു ദൈവമനുഷ്യന്റെ പ്രവർത്തനശേഷിയെയും ആത്മിക അധികാരത്തെയും പെട്ടെന്ന് സ്വാധീനിക്കുന്ന ഒന്നാണ് ഭൗതീക ഭോഗാസക്തി. പരമാർത്ഥിയായ ഒരു ദൈവമനുഷ്യന് ഒരേസമയത്ത് തന്റെ ഹൃദയത്തെ ദൈവത്തിങ്കലും ലോകസുഖങ്ങളിലും കേന്ദ്രീകരിക്കുവാൻ സാധ്യമല്ല. ഭൗതികവാദം എന്നത്, അത് അന്വേഷിക്കുന്ന ആരെയും പൂർണമായി തൃപ്തിപ്പെടുത്തുന്ന ഒന്നല്ല. മറിച്ച് ഒന്നിൽ നിന്ന് മറ്റൊന്നിലേക്കു സംതൃപ്തി തേടി പോകുന്ന ഒരു അവസ്ഥയാണ്. നമ്മുടെ മോഹങ്ങളെ ജ്വലിപ്പിക്കുന്ന ഇന്ധനമാണ് ഇമ്പമുള്ള ജീവിതവും, സ്ഥാനമാനങ്ങളും.

**പരമാർത്ഥിയായ ഒരു ദൈവമനുഷ്യന് ഒരേസമയത്ത് തന്റെ ഹൃദയത്തെ ദൈവത്തിങ്കലും ലോകസുഖങ്ങളിലും കേന്ദ്രീകരിക്കുവാൻ സാധ്യമല്ല. ഭൗതികവാദം എന്നത് അത് അന്വേഷിക്കുന്ന ആരെയും പൂർണമായി തൃപ്തിപ്പെടുത്തുന്ന ഒന്നല്ല. മറിച്ച് ഒന്നിൽ നിന്ന് മറ്റൊന്നിലേക്കു സംതൃപ്തി തേടി പോകുന്ന ഒരു അവസ്ഥയാണ്. നമ്മുടെ മോഹങ്ങളെ ജ്വലിപ്പിക്കുന്ന ഇന്ധനമാണ് ഇമ്പമുള്ള ജീവിതവും, സ്ഥാനമാനങ്ങളും.**

സുവിശേഷങ്ങളിൽ നമ്മുടെ മുൻപാകെ ദരിദ്രനായും അവഗണിക്കപ്പെട്ടവനായും, പരിഹസിക്കപ്പെട്ടവനായും ഉപദ്രവിക്കപ്പെട്ടവനായും തലചായ്ക്കാൻ ഇടമില്ലാത്തവനായും മാതൃകാപുരുഷനായി യേശു നിലകൊള്ളുമ്പോൾ, യേശുവിനെ മറികടന്നു ഇമ്പമുള്ള ജീവിതവും സ്ഥാനമാനങ്ങളും, എന്നിങ്ങനെ നാം കാണുന്നതും കേൾക്കുന്നതുമൊക്കെ എങ്ങനെ മോഹിക്കുവാൻ കഴിയും? ഈ ലോകത്തിലെ വസ്തുവകകളോ സമ്പത്തോ ഐഹീക സുഖമോ താത്കാലിക വിജയമോ ഒന്നുംതന്നെ യേശുവിനെ സ്വാധീനിച്ചിട്ടില്ല. അന്നന്നത്തെ അപ്പം കൊണ്ട് അവിടുന്ന് തൃപ്തനായിരുന്നു. ഐഹീക വസ്തുവകകൾക്കു അമിത പ്രാധാന്യം കർത്താവു കൊടുക്കാതിരുന്നത് അതിന്റെ മൂല്യങ്ങൾ അപ്രസക്തമായിരുന്നതിനാലാണ്. അവയ്ക്കു കാര്യമായ മൂല്യമോ വൈശിഷ്ട്യമോ ഇല്ലാഞ്ഞതിനാലാണ് യേശു വിലകൽപ്പിക്കാതെ അവയെ നിരസിച്ചത്. അതിനോടുള്ള മനുഷ്യന്റെ ആസക്തി മൂലം അവന്റെ അധ്വാനവും ആരോഗ്യവും ചിലവഴിക്കത്തക്കവണ്ണം മനുഷ്യന്റെ ഭൗതീക വസ്തുക്കളുടെ മേലുള്ള ആകർഷണം യേശുവിനു അറിയാമായിരുന്നു.

ദൈവസ്നേഹത്തിൽ നിന്നും മനുഷ്യനെ അടർത്തിയെടുക്കുന്നതിൽ ഭൗതീക വസ്തുക്കൾക്ക് വലിയ പങ്കുണ്ട് എന്ന് യേശു അറിഞ്ഞിരുന്നു. അക്കാരണത്താലാണ് ലൗകീക സുഖമേകുന്ന വസ്തുക്കളോട് മന:പ്പൂർവമായ അകലം പാലിച്ച് , യേശു നമുക്ക് മാതൃകയായത്. ലോകത്തെയും ലോകത്തിനുള്ളതിനേയും സ്നേഹിക്കരുത് എന്നുള്ള തിരുവെഴുത്തിലൂടെ ലോകത്തോടും ലൗകീകതയോടും വിരക്തിയുള്ളവരായി, ഏതു നിമിഷവും കർത്താവിനോടു ചേരുവാനുള്ള ആവലോടും വാഞ്ചയോടും ലോകത്തിൽ നാം ജീവിക്കണമെന്ന് യേശുകർത്താവ് ആഗ്രഹിക്കുന്നു. പുതിയനിയമത്തിൽ യേശുകർത്താവ് നൽകിയ ആത്മിക വാഗ്ദത്തങ്ങൾക്കു പകരം, പഴയ നിയമത്തിലെ ഭൗതീക വാഗ്ദത്തങ്ങൾക്കു നാം മുൻഗണന കൊടുക്കുന്നു എങ്കിൽ അത് എത്രയോ ലജ്ജാവഹമാണ്. ഐഹീക നേട്ടങ്ങൾക്കായി ലാഭേച്ഛയോടും അത്യാഗ്രഹത്തോടും കൂടിയ ഓട്ടത്തിൽനിന്നു വ്യക്തമായ ദൂരം പാലിക്കണമെന്ന് ദൈവം ദൈവസഭയോട് ആവശ്യപ്പെടുന്നു. എന്തുകൊണ്ടന്നാൽ അത് ക്ഷണികവും തൊന്തരവ് ഉളവാക്കുന്നതും ആണെന്ന് കർത്താവു അറിഞ്ഞിരുന്നു. വലിയ ആഗ്രഹത്തോടെ നാം തീവ്രയത്നം ചെയ്യുന്ന, പ്രാർത്ഥിക്കുന്ന, മന:ക്ലേശം സഹിക്കുന്ന പലതും അറപ്പും വെറുപ്പും ഉളവാക്കുന്നതാണെന്നു കർത്താവു വെളിപ്പെടുത്തുന്ന ആ ദിവസം എത്രയോ ദു:ഖകരമായിരിക്കും .

യേശു തന്റെ ജീവിതത്തിൽ, ദാരിദ്ര്യം തിരഞ്ഞെടുത്തത് അവിടുന്ന് വീണ്ടെടുപ്പുകാരനായി വന്നതിനാലാണെന്നുള്ള ഒഴികഴിവു പറഞ്ഞു നാം തടിതപ്പുവാൻ ശ്രമിക്കുകയാണ്. നാം വീണ്ടെടുപ്പുകാരല്ലാത്തതിനാൽ യേശുവിന്റെ അതേ ജീവിതശൈലി നമുക്ക് ആവശ്യമില്ല എന്ന വാദവും ചിലർ ഉന്നയിക്കുന്നു. യേശു ജീവിച്ചതുപോലെ നാം എല്ലാവരും ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും ആർക്കും അത് സാധിച്ചിട്ടില്ലായെന്നത് ഒരു യാഥാർഥ്യമാണ്. ലൗകീക നേട്ടങ്ങൾ എല്ലാം തന്നെ നാം അവഗണിച്ചും തുച്ഛീകരിച്ചും കൊണ്ട്, ഇവയൊന്നും ആഗ്രഹിക്കത്തക്ക മൂല്യമുള്ളതല്ല എന്ന് ഓരോരുത്തരും ബോധ്യപ്പെടേണം എന്ന് ക്രിസ്തു തന്റെ ജീവിതശൈലിയിലൂടെ, പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അതായതു ഈ ചപ്പുചവറുകളെ ഒന്നും മോഹിക്കാതെ ജീവിക്കണമെന്ന് കർത്താവു നിശ്ചയമായും ആവശ്യപ്പെടുന്നു.

ക്രിസ്തുവിന്റെ സുവിശേഷം വെളിച്ചം പകരുന്നത്, നമ്മുടെ ജീവിതശൈലിക്ക് ഒരു പുതിയ മാനം, അർത്ഥതലം നൽകിക്കൊണ്ടാണ്. ഒരുവൻ ക്രിസ്തുവിലായാൽ അയാൾ ഒരു പുതിയ സൃഷ്ടിയാണ്, പഴയതു കഴിഞ്ഞു പോയി. ഇതാ പുതിയത് വന്നിരിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷം ഏതു പാപിയെയും അടിമുടി രൂപാന്തരപ്പെടുത്തി തികച്ചും വ്യത്യസ്തനായ ഒരു പുതിയ മനുഷ്യനാക്കി മാറ്റുന്നു. ഈ ലോകത്തോട് യാതൊരു പറ്റുമാനവുമില്ലാതെ പരദേശികൾ എന്ന പോലെ സവിനയം ക്രിസ്തുവിനോട് കൂടെ നടക്കുന്ന വ്യത്യസ്തമായ ജീവിതശൈലി. അപ്പോസ്തല പിതാക്കന്മാർ യേശുവിന്റെ അതേ ജീവിതശൈലിയിൽ ജീവിക്കയും ദാരിദ്ര്യവും പീഡനങ്ങളും തീവ്രദു:ഖവും അനുഭവിച്ചു മരണം വരിക്കുകയാണുണ്ടായത്. ഇങ്ങനെ ജീവിച്ചതിനാൽ കഷ്ടതയും അപമാനവും സഹിക്കുന്നതിൽ തങ്ങളെത്തന്നെ മാതൃകയാക്കി, ദൈവത്തിന്റെ കൃപയും സ്നേഹവും സ്വർഗീയ അനുഭവങ്ങളിലൂടെ ലോകത്തിനു വെളിപ്പെടുത്തി.

**യേശു ജീവിച്ചതുപോലെ നാം എല്ലാവരും ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും ആർക്കും അത് സാധിച്ചിട്ടില്ലായെന്നത് ഒരു യാഥാർഥ്യമാണ്. ലൗകീക നേട്ടങ്ങൾ എല്ലാം തന്നെ നാം അവഗണിച്ചും തുച്ഛീകരിച്ചും കൊണ്ട്, ഇവയൊന്നും ആഗ്രഹിക്കത്തക്ക മൂല്യമുള്ളതല്ല എന്ന് ഓരോരുത്തരുംബോധ്യപ്പെടേണം എന്ന് ക്രിസ്തു തന്റെ ജീവിത ശൈലിയിലൂടെ,പഠിപ്പിക്കുകയാണ് ചെയ്യുന്നത്.**

അപ്പോസ്തലനായ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക: എന്നാൽ അപ്പോസ്തലന്മാരായ ഞങ്ങളെ മരണത്തിനു വിധിക്കപ്പെട്ടവരെ പോലെ അവസാനത്തെ നിരയിലാണ് ദൈവം പ്രദർശിപ്പിക്കുന്നത് എന്ന് എനിക്ക് തോന്നുന്നു. ഈ നാഴിക വരെ ഞങ്ങൾ തിന്നാനും കുടിക്കാനും ഉടുക്കാനും ഇല്ലാത്തവരാണ്; മർദിതരും പാർപ്പിടമില്ലാത്തവരുമാണ്. ഞങ്ങൾ വേല ചെയ്യുന്നു. ഞങ്ങളുടെ കൈകൊണ്ടു ഞങ്ങൾ വേല ചെയ്യുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു. പീഡിപ്പിക്കപ്പെടുമ്പോൾ ഞങ്ങൾ സഹിക്കുന്നു. അപവദിക്കപ്പെടുമ്പോൾ ഞ

ങ്ങൾ നല്ല വാക്ക് പറയുന്നു. ഞങ്ങൾ ലോകത്തിന്റെ ചവറായും എല്ലാത്തിന്റെയും അഴുക്കായും മാറിയിരിക്കുന്നു. ഇപ്പോഴും അങ്ങനെ തന്നെ.

ലോകത്തിലെ അധമരായ വ്യക്തികൾക്കും കൊടിയ ദുഷ്ടന്മാർക്കും ലോകത്തിൽ വിജയവും സാമ്പത്തിക സമൃദ്ധിയും ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? ദൈവത്തിനു എതിരായി നിൽക്കുന്ന ശത്രുക്കൾക്കുപോലും വളരെ സമൃദ്ധിയും പ്രശസ്തിയും ലഭിക്കുന്നതായി കാണുന്നു. ഭൗതീക വസ്തുവകകളിൽ ഏറിയപങ്കും ധാർമ്മികമൂല്യമോ ദൈവഭക്തിയോ ഇല്ലാത്തവർക്ക് ലഭിക്കുന്നു. തങ്ങളുടെ സമ്പത്തു എങ്ങനെ വിനിയോഗിക്കണമെന്ന് പോലും അറിവില്ലാത്ത ഏകാധിപതികൾക്കും സ്വേച്ഛാധികാരികൾക്കും ഇവ ധാരാളമായി ലഭിക്കുന്നു. നശിച്ചു, ഗുണംപിടിക്കാത്ത ആളുകൾക്ക് ഇവ ധാരാളമായി നൽകുന്നതിലൂടെ, ഭൗതീക സമൃദ്ധി എത്രമാത്രം അറപ്പുളവാക്കുന്നതാണെന്നു വെളിപ്പെടുത്തുകയല്ലേ ചെയ്യുന്നത്? ദൈവത്തെ അവജ്ഞാപൂർവ്വം പുച്ഛിക്കുന്നവർ ആസ്വദിക്കുവാനോ, ഉപയോഗിക്കുവാനോ പോലും കഴിയാതെ വണ്ണം സമൃദ്ധിയിൽ മുങ്ങികിടക്കുകയാണ്.

ധനവും മാനവും വസ്തുവകകളും ഏതെങ്കിലും വിധത്തിൽ ദൈവം പ്രസാദിക്കുന്നതായിരുന്നതെങ്കിൽ അധമപാപികൾക്കു ഇത് നൽകുവാൻ തക്കവണ്ണം ദൈവം ഇങ്ങനെ മഹാമനസ്കത കാണിക്കുമായിരുന്നുവോ? ക്രിസ്തുവും ശിഷ്യന്മാരും ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവർക്കു ചുറ്റും റോമൻ പ്രഭുക്കന്മാരുടെ ധനവും സമൃദ്ധിയും അധികാരവും പ്രാബല്യത്തിൽ ഉണ്ടായിരുന്നു. ദ്രവ്യാഗ്രഹികളായിരുന്ന ഈ ധർമ്മഭ്രഷ്ടരെ യേശുകർത്താവ് പൂർണ്ണമായും തിരസ്കരിക്കുകയാണ് ഉണ്ടായത്. ആ സമൃദ്ധിയെ ഒരു കെണിയായിട്ടാണ് യേശു വിലയിരുത്തിയത്. സമൃദ്ധി ഒരു മനുഷ്യന്റെ ആത്മാവിനെ നശിപ്പിക്കുവാൻ പര്യാപ്തമാണെന്നു അവിടുന്ന് പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു. ആത്മികമൂല്യങ്ങളെ ഭൗതീകതയെക്കാൾ ഉത്തമമെന്നു താൻ പ്രഘോഷിച്ചു.


ഭൗതീകമായി ആഗ്രഹിച്ചതെല്ലാം പ്രാർത്ഥിച്ചിട്ടും ലഭിക്കാതെ വന്നാൽ ഒരുവനിൽ ഉളവാകാവുന്ന മുഴുവൻ അസംതൃപ്തിയും ആശാഭംഗവും എത്രത്തോളം വരുമെന്ന് കർത്താവു അറിഞ്ഞിരുന്നു. അത് അവരെ നിരാശയുടെയും ശൂന്യതയുടെയും അനുഭവത്തിൽ ആക്കിത്തീർക്കുന്നു. ഇത് വിശ്വാസത്യാഗത്തിലേക്കു പോലും നയിക്കുവാൻ സാധ്യതയുണ്ട്. ഭൗതീക വസ്തുക്കളിൽ ആശ്രയിച്ചു ജീവിക്കുന്നവരുടെ ഭോഷത്വം യേശുകർത്താവ് മുന്നമേ അറിഞ്ഞിരുന്നു. അതുകൊണ്ടാണ്, അത്യാഗ്രഹത്തിൽ നിന്നും വിട്ടു നിൽക്കുവാനും, സമ്പത്തിന്റെ സമൃദ്ധിയിലല്ല ഒരു മനുഷ്യന്റെ ജീവൻ നിലനിൽക്കുന്നത് എന്നും യേശുകർത്താവു പറഞ്ഞത് (ലൂക്കോസ് 12:15).

**ദൈവം ആഗ്രഹിക്കുന്ന ഉയർന്ന ആത്മിക നിലവാരത്തിൽ അതായതു വിശുദ്ധസ്ഥലത്തു എത്തിച്ചേരണമെങ്കിൽ ഭൗതീകതയോടുള്ള പൊക്കിൾകൊടി മുറിച്ചു മാറ്റിയെ പറ്റൂ. കാരണം ലോകസ്നേഹം ദൈവത്തോട് ശത്രുത്വം തന്നെയാണ്.**

ബൈബിളിലെ ചില പൂർവ്വപിതാക്കൾ നൂറുകണക്കിന് വർഷങ്ങൾ ജീവിക്കയും ഭൗതീക സമൃദ്ധി ആസ്വദിക്കുകയും ചെയ്തിട്ടുണ്ട്. അതെ സമയം സമൃദ്ധി വർദ്ധിച്ചതിനാൽ അക്കാലത്തു അധർമ്മം പെരുകുകയും ഭക്തികെട്ട ജനം നിമിത്തം ദൈവത്തിന്റെ ന്യായവിധി ഭൂമിയിൽ വെളിപ്പെടുകയും ചെയ്തു. ദൈവം ആഗ്രഹിക്കുന്ന ഉയർന്ന ആത്മിക നിലവാരത്തിൽ അതായതു വിശുദ്ധസ്ഥലത്തു എത്തിച്ചേരണമെങ്കിൽ ഭൗതീകതയോടുള്ള പൊക്കിൾകൊടി മുറിച്ചുമാറ്റിയെ പറ്റൂ. കാരണം ലോകസ്നേഹം ദൈവത്തോട് ശത്രുത്വം തന്നെയാണ്. ക്രിസ്തുവിനോട് അനുരൂപനാകുന്ന ഉയർന്ന ആത്മിക നിലവാരത്തിലേക്ക് ഞാൻ ഇതുവരെയും എത്തിച്ചേർന്നില്ലായെങ്കിലും, അത് മാത്രമാണ് എന്റെ ലക്ഷ്യം. ക്രിസ്തുവിനെ ആഴത്തിൽ അറിഞ്ഞു അനുഗമിക്കുന്നു എങ്കിൽ നശ്വരമായ സ്ഥാനമാനങ്ങൾക്കോ പദവിക്കോ പ്രശംസക്കൊ ഒരു സ്ഥാനവും ഉണ്ടാവുകയില്ല. അങ്ങനെയെങ്കിൽ എന്നിൽ നിന്നും എല്ലാ ഭൗതിക വസ്തുക്കളും എടുത്തു മാറ്റിയാലും എനിക്ക് യേശുവിനെ ലഭിച്ചാൽ മതിയെന്ന് നമ്മുടെ പിതാക്കന്മാരെപ്പോലെ ഒരുപക്ഷെ നമുക്കും പറയുവാൻ കഴിയും. ●



ഡോ. സുജിത്ത് സൈമൺ



# തെറ്റായ മനോഭാവങ്ങളെ തിരുത്തുക

ഈ പ്രപഞ്ചത്തിലെ ദൃശ്യവും അദൃശ്യവുമായ എല്ലാ ചലനങ്ങളും നിയന്ത്രിക്കുന്നത് നമ്മുടെ സൃഷ്ടികർത്താവായ ദൈവം വെച്ചിട്ടുള്ള പ്രകൃതി നിയമങ്ങളാൽ ആണ്. അതിനാൽ ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്നതൊന്നും യാദൃശ്ചികമല്ല. ഒരു വ്യക്തിയുടെ ക്രിയാത്മകഭാവത്തിന്, നിഷേധാത്മകഭാവങ്ങളെ നിഷ്പ്രഭമാക്കിക്കൊണ്ടു പ്രവർത്തിക്കാനുള്ള കരുത്തുണ്ടെങ്കിൽ അയാളുടെ ശരീരത്തിന്റെയും മനസ്സിന്റെയും പ്രായം യഥാർത്ഥ പ്രായത്തെക്കാൾ കുറഞ്ഞിരിക്കും. അതേസമയം നിഷേധാത്മക ഭാവത്തിനാണ് കൂടുതൽ കരുത്തുള്ളതെങ്കിൽ കാഴ്ചയിൽ ശരീരത്തിനും മനസ്സിനും പ്രായം കൂടുതലായി അനുഭവപ്പെടും. അതായത് വാർദ്ധക്യം വേഗത്തിൽ ആകും എന്നർത്ഥം.

പ്രശസ്തനായ മന:ശാസ്ത്രജ്ഞൻ ഡോക്ടർ എറിക് ബെർനെയുടെ (Dr. Eric Berne) അഭിപ്രായത്തിൽ വലിയൊരു ഭാഗം രോഗങ്ങളും നമ്മുടെ ശരീരത്തിനുള്ളിൽ തന്നെ പൊട്ടിമുളക്കുന്നവയാണ്. ഉദാഹരണത്തിന് കാൻസർ, സന്ധിവാതം, ഹൃദയാഘാതം, രക്തസമ്മർദ്ദം, മാനസിക വൈകല്യങ്ങൾ തുടങ്ങിയവ. നല്ലൊരു ശതമാനം രോഗങ്ങളും മാനസിക സംഘർഷത്തിന്റെ ഉൽപ്പന്നങ്ങളാണ്. മാനസിക സംഘർഷം ഉണ്ടാകുന്നത് നിഷേധാത്മക വികാരങ്ങളായ ഭയം, ഉത്കണ്ഠ, കോപം, വിദ്വേഷം, വെറുപ്പ്, അസൂയ, നിരാശ, കുറ്റബോധം മുതലായവ മനസ്സിൽ സൂക്ഷിക്കുമ്പോൾ, അത് പിരിമുറുക്കം ഉണ്ടാക്കുകയും വ്യക്തിത്വത്തിന്റെ എല്ലാ ഘടകങ്ങളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഈ പിരിമുറുക്കമാണ് പലതരം രോഗങ്ങൾ ആയി ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നത്. നിഷേധാത്മക വികാരങ്ങൾ സൃഷ്ടിച്ചു മനസ്സിൽ സൂക്ഷിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നമുക്ക് മാത്രമാണ്. ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ സാഹചര്യങ്ങൾക്കും ഒരു നല്ലവശവും അപ്പോൾ തന്നെ മോശമായ മറ്റൊരുവശവും ഉണ്ട്. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളുടെയും നല്ലവശം കണ്ടുകൊണ്ട് ക്രിയാത്മകമായി ചിന്തിക്കുകയും, മനസ്സിനെ വേദനിപ്പിക്കുന്ന വികാരങ്ങൾക്ക് പകരം മനസ്സിന് സന്തോഷവും സംതൃപ്തിയും തരുന്ന വികാരങ്ങൾ അനുവദിക്കുവാനും നമുക്ക് കഴിയണം.

വെളിയിൽനിന്ന് നമ്മുടെ ഉള്ളിലേക്ക് കടക്കുന്ന രോഗാണുക്കളെ പ്രതിരോധിക്കാൻ നമ്മുടെ ശരീരത്തിൽ സംവിധാനങ്ങളുണ്ട്. അപ്പോൾത്തന്നെ രോഗാണുക്കളെ നശിപ്പിക്കുവാനുള്ള ഉത്തരവ് രക്തത്തിലുള്ള ശ്വേതാണുക്കൾക്ക് കൊടുത്തിരിക്കും. ഉത്തരവ് കിട്ടിയാലുടൻ ശ്വേതാണുക്കൾ രോഗാണുക്കളെ നശിപ്പിക്കും. ശ്വേതാണുക്കൾ പരാജയപ്പെടാനുള്ള കാരണം ഒരു പരിധിവരെ നിഷേധാത്മക വികാരത്തിൽ നിന്ന് ഉടലെടുത്ത മാനസികസംഘർഷം കൊണ്ടാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. നിഷേധാത്മക വികാരങ്ങൾ ദീർഘനാൾ സൂക്ഷിച്ചു വയ്ക്കുമ്പോൾ നമ്മുടെ മാനസികോർജ്ജം വിഷലിപ്തം ആകും. അത് കാലക്രമേണ നമ്മുടെ രോഗപ്രതിരോധശക്തിയെ തളർത്തുന്നു. അപ്പോഴാണ് വെളിയിൽ നിന്നുള്ള രോഗങ്ങൾ നമ്മെ കടന്നാക്രമിക്കുന്നത്. ഡോക്ടർ എറിക് ബെർനെയുടെ അഭിപ്രായത്തിൽ മനുഷ്യന്റെ വ്യക്തിത്വത്തിൽ രൂപംകൊള്ളുന്ന 4 അടിസ്ഥാന മനോഭാവങ്ങൾ ആണ് നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യത്തെ നിർണ്ണയിക്കുന്നത്. നാലാമത്തെ

**വിവാഹം രണ്ടു വ്യക്തികളുടെ മാത്രം ഒന്നാകലല്ല. രണ്ടു കുടുംബങ്ങൾ ഒന്നാവുകയാണ്. അപ്പോൾ പരസ്പര സ്നേഹവും വിശ്വാസവും അംഗീകാരവും സഹായവും രണ്ട് വ്യക്തികൾ തമ്മിൽ മാത്രമല്ല, രണ്ടു കുടുംബങ്ങൾ തമ്മിലാണ് നിലവിൽ വരേണ്ടത്.**

മം നിരന്തരം നടന്നുകൊണ്ടിരിക്കും. ഏതെങ്കിലും ഒരു കാരണം ഉയർത്തി പരസ്പരം വാഗ്വാദം ചെയ്യുക എന്നതാണ് ഇവരുടെ രീതി. ദാമ്പത്യത്തിൽ ഭാര്യയും ഭർത്താവും ഈ മനോഭാവത്തിൽ നിന്നുകൊണ്ട് പ്രവർത്തിച്ചാൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് വളരെ ഗുരുതരമായിരിക്കും. ഇതിന്റെ പാരമ്യത്തിൽ കൊലപാതകവും ആത്മഹത്യയും സംഭവിച്ചു കൂടായ്കയില്ല. മൂന്ന് നിഷേധാത്മക ഭാവങ്ങളിൽ ഏതെങ്കിലും ഒരെണ്ണം നമ്മെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്താൽ, ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ ആരോഗ്യവും വ്യക്തിബന്ധങ്ങളും തകരും എന്നതിന് സംശയമില്ല.

നിഷേധാത്മക മനോഭാവമുള്ള മാതാപിതാക്കളുടെ ചിന്തയും, വാക്കും, പ്രവർത്തിയും, പെരുമാറ്റവും വികലം ആയിരിക്കും. കുടുംബത്തിലും സമൂഹത്തിലും നല്ല വ്യക്തിബന്ധങ്ങൾ നിലനിർത്താൻ അവർക്ക് കഴിയുകയില്ല. അധാർമ്മികമായ പ്രവർത്തികൾ ചെയ്യാൻ അവർ മടിക്കുകയില്ല. കുറ്റകൃത്യങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരിക്കും. സാഹചര്യങ്ങളുടെ മോശമായവശം ആയിരിക്കും അവർ കാണുക. അശുഭചിന്ത അവരുടെ കൂടപ്പിറപ്പ് ആയിരിക്കും. ഇത്തരം വികലമായ വ്യക്തിത്വമുള്ള മാതാപിതാക്കൾ വളർത്തുന്ന കുട്ടികളുടെ വ്യക്തിത്വവും വികലമാകാനാണ് സാധ്യത. മാതാപിതാക്കൾ പറയുന്നതും പ്രവർത്തിക്കുന്നതും കേട്ടും കണ്ടും കുട്ടികൾ പഠിക്കുകയാണെന്ന് ഓർക്കണം. മാതാപിതാക്കളുടെ ഉപദേശത്തെക്കാളുപരി കുട്ടികളെ സ്വാധീനിക്കുന്നത് അവരുടെ പ്രവർത്തിയാണ്. ഒരു കുട്ടിയുടെ അഞ്ചു വയസ്സിനകമുള്ള കാലഘട്ടം അവന്റെ വ്യക്തിത്വം രൂപംകൊള്ളുന്ന നിർണായകമായ കാലമാണ്. അതിനുശേഷം 12 വയസ്സിനകം അവന്റെ സംസ്കാരം രൂപപ്പെടുന്നു. നല്ല ചിന്തയും വാക്കും പ്രവർത്തിയും സംസ്കാരവുമില്ലാത്ത മാതാപിതാക്കൾ, അവരുടെ ജീവിതം മാത്രമല്ല നശിപ്പിക്കുന്നത്, അവരുടെ കുട്ടികളുടെ ജീവിതവും കളങ്കപ്പെടുത്തുന്നു

മനോഭാവം നമ്മിൽ ക്രിയാത്മകമായി രൂപം കൊള്ളേണ്ടതാണ്. 4 മനോഭാവങ്ങളും താഴെ കൊടുക്കുന്നു:

1. **ഞാൻ കൊള്ളുകയില്ല മറ്റുള്ളവർ കൊള്ളാം.**
2. **ഞാനും കൊള്ളുകയില്ല മറ്റുള്ളവരും കൊള്ളുകയില്ല.**
3. **ഞാൻ കൊള്ളാം മറ്റുള്ളവർ കൊള്ളുകയില്ല.**
4. **ഞാൻ കൊള്ളാം മറ്റുള്ളവരും കൊള്ളാം.**

നാലാമത്തെ മനോഭാവം ബോധപൂർവ്വം ഉണ്ടാക്കി എടുക്കേണ്ടതാണ്. നമ്മുടെ വാക്കും പ്രവർത്തിയും പെരുമാറ്റവും എങ്ങനെയിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ വ്യക്തിബന്ധങ്ങൾ മെച്ചപ്പെടുന്നതും തകരുന്നതും. മിത്രങ്ങളെ സൃഷ്ടിക്കുന്നതും ശത്രുക്കളെ സൃഷ്ടിക്കുന്നതും നമ്മൾ തന്നെയാണ്. ഞാൻ കൊള്ളുകയില്ല മറ്റുള്ളവർ കൊള്ളാം, എന്ന മനോഭാവമാണ് നമ്മെ ഭരിക്കുന്നതെങ്കിൽ നമുക്ക് ഇല്ലാത്ത നേട്ടങ്ങളും കഴിവുകളും അതുള്ളവരുമായി താരതമ്യം ചെയ്ത്, കൂടുതൽ അപകർഷതാബോധം വളർത്തുന്ന രീതി ആയിരിക്കാം നാം സ്വീകരിക്കുക. അതിന്റെ ഫലമായി അങ്ങനെയുള്ളവരോട് അസൂയ തോന്നുകയും, അസൂയ വെറുപ്പായി മാറുകയും ചെയ്യുന്നു. മാത്രമല്ല അപകർഷത മൂലം മറ്റുള്ളവരിൽ നിന്ന് ഒഴിഞ്ഞു മാറുക, ഉൾവലിയുക, വളരെ കുറച്ചു മാത്രം സംസാരിക്കുക എന്നീ രീതികൾ അവലംബിക്കുന്നത് കാണാം. മറ്റുള്ളവരോട് അസൂയയും വെറുപ്പും മനസ്സിൽ കൊണ്ടുനടന്നാൽ അത് എപ്പോഴെങ്കിലും പ്രകടമാക്കുവാൻ സാധ്യതയുണ്ട്. അതിന്റെ ഫലം ശത്രുക്കളെ സൃഷ്ടിക്കുന്നു എന്നതായിരിക്കും.

ഞാൻ കൊള്ളാം മറ്റുള്ളവർ കൊള്ളുകയില്ല എന്ന മനോഭാവമാണ് നമ്മെ ഭരിക്കുന്നതെങ്കിൽ, നമ്മുടെ പെരുമാറ്റം ഏറെക്കുറെ ഇങ്ങനെയായിരിക്കും. മറ്റുള്ളവരെ വിമർശിക്കുക, തരംതാഴ്ത്തി സംസാരിക്കുക, നിന്ദിക്കുക, അവഹേളിക്കുക, നിയന്ത്രിക്കാൻ ശ്രമിക്കുക, എതിർക്കുക, ആക്രമിക്കുക എന്നീരീതികൾക്കു പുറമേ ഞാൻ കേമനാണെന്ന് നടിക്കുകയും, പറയുകയും ആ രീതിയിൽ പ്രവർത്തിക്കുകയും ചെയ്യും. ഇതിന്റെ ഫലം കൂടുതൽ ശത്രുക്കളെ സൃഷ്ടിച്ച് സ്വന്തമനസ്സ് കൂടുതൽ കലുഷിതമാക്കുകയാണെന്ന് പറയേണ്ടതില്ലല്ലോ.

ഞാൻ കൊള്ളുകയില്ല മറ്റുള്ളവരും കൊള്ളുകയില്ല എന്ന മനോഭാവത്തിനാണ് മുൻതൂക്കമെങ്കിൽ ഇതിലെ രണ്ട് ഘടകങ്ങളും ശരിയാണെന്ന് തെളിയിക്കാനുള്ള ബോധപൂർവമായ ശ്ര

എന്ന സത്യം എല്ലാവരും മനസ്സിലാക്കിയിരിക്കണം. നമ്മുടെ ഏറ്റവും വലിയ ശത്രു നമ്മൾ തന്നെയാണെന്ന പരമാർത്ഥം നാം തിരിച്ചറിയണം വെളിയിൽ നമുക്ക് ശത്രുക്കൾ ആരെങ്കിലും ഉണ്ടെങ്കിൽ അതിനും കാരണക്കാർ നമ്മൾ തന്നെയാണ്. നമ്മുടെ ശത്രുവായി ഒരാളും ഈ ഭൂമിയിൽ ജനിക്കുന്നില്ല. നാമവരെ ശത്രുക്കൾ ആക്കുകയാണ്. അതിനാൽ തിരുത്തൽ വേണ്ടത് നമ്മിലാണ്.

ഞാൻ കൊള്ളുകയില്ല മറ്റുള്ളവർ കൊള്ളുകയില്ല, ഞാൻ കൊള്ളാം മറ്റുള്ളവർ കൊള്ളത്തില്ല, ഞാൻ കൊള്ളുകയില്ല മറ്റുള്ളവർ കൊള്ളാം, എന്നീ ശക്തമായ നിഷേധാത്മക മനോഭാവങ്ങൾ നമ്മിൽ ഉണ്ടെങ്കിൽ അതാണ് നമ്മുടെ ഏറ്റവും വലിയ ശത്രു. ഈ ശത്രുവാണ് വെളിയിൽ ശത്രുക്കളെ സൃഷ്ടിക്കുന്നത്. ഈ ശത്രുവാണ് ഏതു സാഹചര്യത്തിന്റെയും തെറ്റായ വശം കാണാൻ നമ്മെ പ്രേരിപ്പിക്കുന്നത്. മറ്റു മനുഷ്യരുടെ കുറ്റങ്ങളും കുറവുകളും പരാജയങ്ങളും മാത്രം കാണുകയും, അതിൽ ഒരുതരം സുഖം അനുഭവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും ഈ നിഷേധാത്മക മനോഭാവം ആണ്. ഏതു സാഹചര്യത്തിനും ഒരു നല്ല വശം ഉണ്ട്, അനുകൂലഘടകങ്ങൾ ഉണ്ട്. അതുപോലെ ഏതു മനുഷ്യനും പല ഗുണങ്ങളും കഴിവുകളും നന്മകളും ഉണ്ട്. അവയെ കാണുകയും അംഗീകരിക്കുകയും ചെയ്യുക, അതിൽ സ്വയം പ്രചോദനമുൾക്കൊണ്ട് പ്രവർത്തിക്കുക. മറ്റുള്ളവരുടെ നേട്ടത്തിൽ അസൂയപ്പെടുന്നതിനുപകരം അവരെ അഭിനന്ദിക്കുക.

ജീവിതവിജയത്തിന് ഇത്തരം ക്രിയാത്മക രീതികളാണ് അവലംബിക്കേണ്ടത്. വിദ്യാർത്ഥികളായ നമ്മുടെ കുട്ടികൾ അവരുടെ വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ചും അധ്യാപകരെക്കുറിച്ചും വീട്ടിൽ വന്ന് കുറ്റം പറയുന്നു എങ്കിൽ അവർ തെറ്റായ വശം കാണാൻ തുടങ്ങിയിരിക്കുന്നു എന്ന് മനസ്സിലാക്കണം. ഉദ്യോഗത്തിനു പോകുന്ന നമ്മുടെ മക്കൾ അവർ ജോലി ചെയ്യുന്ന സ്ഥാപനത്തെക്കുറിച്ചും മേലുദ്യോഗസ്ഥരെക്കുറിച്ചും സഹപ്രവർത്തകരെക്കുറിച്ചും, കുറ്റം പറയുന്ന ശീലം ഉണ്ടെങ്കിൽ പരാജയത്തിന്റെ പാതയിൽ കൂടിയാണ് അവർ സഞ്ചരിക്കുന്നതെന്ന് മനസ്സിലാക്കണം. തിരുത്തൽ വേണ്ടത് നമുക്ക് തന്നെയാണെന്ന് നമ്മുടെ മക്കൾ മനസ്സിലാക്കണം. അവർക്ക് കൊടുത്തിട്ടുള്ള ജോലി വളരെ കഠിനം ആണെന്ന് പരാതി പറയുകയാണെങ്കിൽ, സ്വന്തം കഴിവുകളെ മെച്ചപ്പെടുത്താനുള്ള അവസരം അതിൽ അവർക്ക് കാണാൻ കഴിയണമെന്ന് അവരെ ബോധ്യപ്പെടുത്തണം.

വിവാഹം കഴിഞ്ഞ് അധികനാൾ കഴിയുംമുമ്പ് ഭർത്താവ് ഭാര്യയുടെയും വീട്ടുകാരുടെയും ബന്ധുക്കളുടെയും കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാനും, പെരുപ്പിച്ച് കാണിക്കാനും തുടങ്ങുന്നുവെന്ന് സങ്കൽപ്പിക്കുക. ഇത് ദാമ്പത്യ തകർച്ചയുടെ ആരംഭമാണെന്ന് മനസ്സിലാക്കണം. നിങ്ങളുടെ വീട്ടുകാർ കൊള്ളുകയില്ല എന്ന് സ്ഥിരീകരിക്കാനുള്ള ശ്രമം ആണിത്. അങ്ങനെ സ്ഥിരീകരിച്ചു കഴിഞ്ഞാൽ നിന്റെ വീട്ടുകാരുടെ ഭാഗമായ നീയും കൊള്ളുകയില്ല എന്ന് ഉറപ്പിക്കാൻ വളരെ എളുപ്പമായിരിക്കും. ഇത്തരം പെരുമാറ്റത്തിന്റെയും പ്രതികരണത്തിന്റെയും ഭവിഷ്യത് എന്തായിരിക്കുമെന്ന് വിശദീകരിക്കേണ്ടതില്ലല്ലോ. ദാമ്പത്യം ഒരായുസ്സ് മുഴുവൻ നീണ്ടുനിൽക്കേണ്ട പാവനമായ ഒരു ബന്ധമാണ്. അതിന്റെ സുസ്ഥിരതയ്ക്ക്, പരസ്പരസ്നേഹവും വിശ്വാസവും അംഗീകാരവും സഹായവും എത്രമാത്രം വിലപ്പെട്ടതാണെന്ന് മനസ്സിലാക്കിയിരിക്കണം. വിവാഹം രണ്ടു വ്യക്തികളുടെ മാത്രം ഒന്നാകലല്ല. രണ്ടു കുടുംബങ്ങൾ ഒന്നാവുകയാണ്. അപ്പോൾ പരസ്പര സ്നേഹവും വിശ്വാസവും അംഗീകാരവും സഹായവും രണ്ട് വ്യക്തികൾ തമ്മിൽ മാത്രമല്ല, രണ്ടു കുടുംബങ്ങൾ തമ്മിലാണ് നിലവിൽ വരുന്നത്, വരേണ്ടത്.

വ്യക്തിത്വം നിഷേധാത്മകമാണെങ്കിൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും വിപരീതഫലങ്ങളും വെല്ലുവിളികളും പരാജയങ്ങളും നേരിടേണ്ടി വരുമെന്ന് നാം മനസ്സിലാക്കണം. കിട്ടുന്ന സമയം അത്രയും മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പരാജയങ്ങളും കണ്ടുപിടിക്കുകയും അവരെ അവഹേളിക്കുകയും, നിന്ദിക്കുകയും, വെറുക്കുകയും ചെയ്യുന്നതാണ് പരാജയത്തിനുള്ള പ്രധാന കാരണം. അതിനുപകരം ആ സമയം സ്വന്തം കുറ്റങ്ങളും, കുറവുകളും പരാജയങ്ങളും കണ്ടുപിടിച്ച് തിരുത്തുകയാണെങ്കിലെല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ സാധിക്കും.

ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കുവാനും നല്ല വ്യക്തിബന്ധങ്ങൾ ഉണ്ടാക്കി നിലനിർത്താനും, കുറ്റകൃത്യങ്ങളിൽപെട്ട് സ്വയം നശിക്കാതിരിക്കാനും വരുംതലമുറയ്ക്ക് നല്ല ഒരു മാതൃക കാട്ടിക്കൊടുക്കുവാനും നമുക്ക് കഴിയും. ജീവിത വിജയത്തിന്റെ പാതയിലെ തടസ്സങ്ങളെ അനായാസം മാറ്റിയെടുക്കാനുള്ള കഴിവുകളും നമുക്കുണ്ടാകും. •



# അനുസ്യൂതം പെരുകുന്ന ആത്മഹത്യകൾ

ഈ അടുത്ത ദിവസങ്ങളിലായി അനേകർ ആത്മഹത്യ ചെയ്തു എന്ന വാർത്ത പത്രമാധ്യമങ്ങളിൽ തുടർച്ചയായി നാം കണ്ടുകൊണ്ടിരിക്കുകയാണ്. ആർക്കും തടഞ്ഞ് നിറുത്തുവാൻ ആവാത്ത വിധം ആത്മഹത്യാനിരക്കുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് എല്ലാവർക്കും ആശങ്ക ഉളവാക്കുന്ന ഒന്നാണ്. ഓരോ ജീവനും വിലപ്പെട്ടതാണെന്നും അത് നശിപ്പിക്കരുതന്നും ജനങ്ങളെ ബോധവൽക്കരിക്കാൻ ഉള്ള ശ്രമങ്ങൾ ആണ് ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ചില വർഷങ്ങളിലെ ഇടവേളയ്ക്ക് ശേഷം ആത്മഹത്യാ നിരക്ക് കൂടിവരുന്നതായാണ് കണക്കുകൾ. ആരോഗ്യ പ്രശ്നങ്ങളും തൊഴിലില്ലായ്മയും ലഹരിയുടെ അമിതമായ ഉപയോഗവും തകർന്ന കുടുംബബന്ധങ്ങളും പ്രേമനൈരാശ്യങ്ങളും അങ്ങനെ നൂറ് നൂറ് കാരണങ്ങളാണ് ആത്മഹത്യ വർദ്ധിക്കുവാൻ കാരണമാകുന്നത്. ഒട്ടേറെ പ്രതിസന്ധികളോട് ഏറ്റുമുട്ടി പലരും മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നപ്പോഴാണ് കോവിഡ് എന്ന മഹാമാരിയുടെ അപ്രതീക്ഷിതമായ വരവ്. ഈ മഹാമാരി ഒന്നര വർഷത്തിലധികമായി നീണ്ടു നിൽക്കുന്നതിനാൽ, കോവിഡ് കാലത്ത് പലർക്കും ജോലി നഷ്ടമായി. വരുമാനം ഇല്ലാതെയായി, അങ്ങനെ സാമ്പത്തികമായി പലരും തളർന്നു. ഉറ്റവരുടെ മരണം ഏൽപ്പിച്ച ആഘാതം പലരെയും വിഷാദത്തിൽ ആക്കി. പിടിച്ചുനിൽക്കാൻ പറ്റാത്ത അവസ്ഥ പലരെയും ആത്മഹത്യാ ചിന്തയിലേക്ക് നയിക്കുകയാണ്.

അതിജീവനത്തിന്റെ ബാലപാഠങ്ങൾ അറിയാത്ത ഒരു തലമുറയ്ക്ക് ഒരിക്കലും പ്രതിസന്ധികളെ തരണം ചെയ്യുവാൻ കഴിയുന്നതല്ല. തിരിച്ചറിവ് ആയപ്പോൾ മുതൽ ചോദിക്കുന്നതെല്ലാം കുഞ്ഞുങ്ങൾക്ക് വാങ്ങിച്ചു കൊടുക്കുവാൻ മത്സരിക്കുന്ന മാതാപിതാക്കൾ തന്നെയാണ് ഇതിലെ മുഖ്യപ്രതികൾ. ഇല്ലായ്മകൾ ഒന്നും അനുഭവിച്ചറിയാതെ വളരുന്ന കുഞ്ഞുങ്ങൾക്ക് ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാൻ കഴിയാറില്ല. അണുകുടുംബത്തിലേക്ക് ഉള്ള ചുവടുമാറ്റം ബന്ധങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സമൂഹവുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റപ്പെട്ട തുരുത്തുകൾ പോലെ കഴിയുന്ന ഭവനങ്ങളാണ് അധികവും ഉള്ളത്. പങ്കുവെക്കലും, ഹൃദയം തുറന്നുള്ള സംസാരങ്ങളും, സ്നേഹിതരുമായിട്ടുള്ള അടുത്ത ഇടപെടലുകളും, എല്ലാം നഷ്ടപ്പെട്ടതു ആത്മഹത്യാ നിരക്ക് കൂടുവാനുള്ള കാരണങ്ങളാകാം. കുടുംബ പ്രാർത്ഥനകൾ ഇല്ലാത്തതും ദൈവവുമായിട്ടുള്ള വ്യക്തിപരമായ ബന്ധത്തിൽ ഉണ്ടായ തകരാറുകളും ഇതിന് പ്രധാന കാരണങ്ങൾ തന്നെയാണ്.

എല്ലാ മനുഷ്യരുടെയും ജീവിതം ദൈവത്തിന്റെ ദാനമാണ്. ജനിച്ചാൽ എല്ലാവരും മരിക്കണം എന്നുള്ളത് മാറ്റമില്ലാത്ത ദൈവിക നിയമമാണ്. മരണം ഏത് പ്രായത്തിലുള്ളവരെയും ഏതുസമയത്തും പിടികൂടുന്നതാണ്. ചിലർ അപകടങ്ങളിൽ മരിക്കുന്നു, മറ്റു ചിലർ രോഗങ്ങളാൽ മരിക്കുന്നു. മരണം നിശ്ചയമാണ് സമയം നിശ്ചയം അല്ലാതാനും. എന്നാൽ സ്വയം ജീവനൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആണ് ഇവിടെ ചിന്തിക്കുന്നത്.

ജീവന്റെ ഉടമസ്ഥൻ ദൈവം ആണെന്നിരിക്കെ ജീവൻ തന്ന ദൈവത്തിനല്ലാതെ മറ്റാർക്കും ആരുടേയും ജീവൻ എടുക്കുവാൻ അവകാശമില്ല. ആർക്കും മാറ്റി കൂടാത്ത ദൈവത്തിന്റെ നിയമമാകുന്നു അത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധം സമൂഹത്തെ കെട്ടുറപ്പുള്ളതാക്കി മാറ്റുകയും, തദ്വാരാ മനോവിഷമങ്ങൾ പങ്കുവയ്ക്കുവാൻ അവസരം ഒരുങ്ങുകയും ചെയ്യും. എന്നെയും എന്റെ ദു:ഖങ്ങളെയും ശ്രദ്ധിക്കുന്നവർ എന്റെ കൂടെയുണ്ടെന്നുള്ള ചിന്ത ഇത്തരം ശിഥില പ്രവർത്തികളിൽ നിന്ന് തടഞ്ഞു നിർത്തുക തന്നെ ചെയ്യും. സമയവും സമ്പത്തും സാഹചര്യങ്ങളും പരസ്പരം പങ്കു വയ്ക്കുന്ന വ്യക്തിത്വങ്ങൾ സുദൃഢവും സന്തോഷപൂരിതവുമായിരിക്കും. •



പി.വി.വർഗീസ്

# സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം

ആത്മികമൂല്യങ്ങൾ പ്രാവർത്തികമാക്കുന്നതും ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നതുമായ ഒരു കൂട്ടത്തെയോ, കൂടിവരവിനെയോ സഭയെന്നു വിവക്ഷിക്കാം. സഭയിൽ ദൈവത്തെ അറിയുവാനും ദൈവത്തോട് താദാത്മ്യം പ്രാപിക്കുവാനുമുള്ള ലക്ഷ്യബോധവും, പഠിപ്പിക്കലും ഉണ്ട്. ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന തിരുവെഴുത്തുകൾ ആധാരമാക്കിയുള്ള ഒരു ജീവിതചര്യയിലൂടെ യേശുക്രിസ്തു കാണിച്ചു തന്ന മാതൃകയെ അടിസ്ഥാനപ്പെടുത്തി ഉള്ള ഒരു മാർഗമാണ് സഭ. എന്നാൽ ആത്മികമൂല്യങ്ങൾക്കു ശോഷണം സംഭവിച്ചും ദൈവിക നിയന്ത്രണത്തിൽ നിന്ന് ഒഴിവായും നിൽക്കുന്ന സംഘടനകൾ കാലക്രമേണ മതങ്ങളായി തരംതാഴുന്നു. മതത്തിൽ ആഘോഷങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്നിങ്ങനെ ലക്ഷ്യബോധമില്ലാതെ പല കാര്യങ്ങളും ഉണ്ടായിരിക്കും. ഇവകൾ ഒരു മനുഷ്യന്റെയും ജീവിതത്തിൽ യാതൊരുവിധ രൂപാന്തര അനുഭവങ്ങളും ഉളവാക്കുന്നില്ല. ദു:സ്വഭാവങ്ങളിലും ദുർനടപ്പുകളിലും ഓരോരുത്തരും ജീവിക്കുമ്പോൾ തന്നെ മതത്തിന്റെ അംഗങ്ങളായും നേതാക്കളായും തുടരുവാൻ കഴിയും. അംഗീകരിക്കാനാവാത്ത വിധിവൈപരീത്യം എന്നല്ലാതെ എന്തുപറയാൻ!

**ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന തിരുവെഴുത്തുകൾ ആധാരമാക്കിയുള്ള ഒരു ജീവിതചര്യയിലൂടെ യേശുക്രിസ്തു കാണിച്ചു തന്ന മാതൃകയെ അടിസ്ഥാനപ്പെടുത്തി ഉള്ള ഒരു മാർഗമാണ് സഭ**

**1. രാഷ്ട്രം സഭയെ നിയന്ത്രിക്കുന്ന അവസ്ഥ:** ഇത് വചനവിരുദ്ധമാണ്. ഉദാഹരണത്തിന് ചൈനയിലും റഷ്യയിലും സർക്കാർ നിയന്ത്രണത്തിലും നിർദ്ദേശങ്ങളിലും പ്രവർത്തിക്കുന്ന സഭകൾ മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളു. വചനാനുസരണം ദൈവിക നിയന്ത്രണത്തിൽ ജീവിക്കുന്ന സഭകൾക്ക് കഠിനമായ പീഡയിൽ കൂടി കടന്നു പോകേണ്ടിവരുന്നു. എന്നുവച്ചാൽ സർക്കാരും നിയമവും അവരെ അംഗീകരിക്കുന്നില്ല എന്നു സാരം.

**2. മതം രാഷ്ട്രത്തെ നിയന്ത്രിക്കുന്ന അവസ്ഥ:** വത്തിക്കാൻ, സൗദി അറേബ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ മതം രാഷ്ട്രത്തെ നിയന്ത്രിക്കുന്നു. രാജ്യത്തിൻെറ ഭരണഘടനയ്ക്ക് പകരം മതത്തിന്റെ നിയമങ്ങൾ നടപ്പിലാക്കുന്നു. മനം മാറാതെ മതം മാറിയ കുസ്തന്തീനോസ് ആണ് ഈ സംവിധാനം തുടങ്ങിവച്ചത്. സഭയുടെ ആത്മിക മൂല്യങ്ങളെ തച്ചുടയ്ക്കുന്ന ഒരു പ്രവൃത്തിയായിരുന്നു അത്.

**3. വിട്ടുവീഴ്ചാ അടിസ്ഥാനത്തിലുള്ള നിയന്ത്രണം:** സഭ രാഷ്ട്രത്തെയും, രാഷ്ട്രം സഭയെയും പ്രീതിപ്പെടുത്തുന്ന സംവിധാനം. ഇതും വചനവിരുദ്ധമാണ്. സുവിശേഷം പ്രസംഗിക്കേണ്ടുന്ന പ്രസംഗ വേദികളിൽ രാഷ്ട്രീയ നേതാക്കളെയും,

മന്ത്രിമാരെയും മറ്റും പ്രസംഗിക്കാൻ അനുവദിക്കുന്നത് അപലപനീയം എന്നല്ലാതെ എന്ത് പറയുവാൻ?

**4. പങ്കാളിത്ത ബന്ധം:** പരസ്പരം അംഗീകരിക്കുമ്പോൾ അത് സന്തുലിതമായ ഒരു ബന്ധമാണ്. അതേസമയം പരസ്പരം അതിരുവിട്ട് കൈകടത്തുകയും ചെയ്യരുത്. രാഷ്ട്രം സഭയെയോ, സഭ രാഷ്ട്രത്തെയോ നിയന്ത്രിക്കുവാൻ ശ്രമിക്കരുത്. സഭ രാജ്യത്തിന്റെ ഭരണാധികാരികളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും വേണം. അധികാരികൾക്ക് നൽകേണ്ടത് നൽകുക, നികുതികൊടുക്കേണ്ടവന് നികുതി, ബഹുമാനം കൊടുക്കേണ്ടവന് ബഹുമാനം, ആദരം കൊടുക്കേണ്ടവന് ആദരം എന്നിങ്ങനെയാണ് റോമാ ലേഖനം 13:7 ൽ കാണുന്നത്. ആദിമ നൂറ്റാണ്ടിൽ റോമൻ ഗവൺമെന്റിൽ നിന്ന് അതിക്രൂരമായ പീഡനങ്ങൾ സഹിച്ച അപ്പോസ്തലപിതാക്കൾ രാഷ്ട്രീയ നേതൃത്വത്തിനെതിരെ ജനത്തെ പ്രകോപിപ്പിക്കുന്ന തരത്തിൽ, ഒരു കലാപത്തിനോ, ലഹളയ്ക്കോ ആഹ്വാനം ചെയ്തിട്ടില്ല. പ്രത്യുത പരമാധികാരിയായ ചക്രവർത്തിക്കും, അയാൾ നിയോഗിച്ചിരുന്ന ദേശാധികാരികൾക്കും കീഴ്വഴങ്ങുക എന്നതായിരുന്നു അവരുടെ പ്രബോധനം (1 പത്രൊസ് 2: 14).

കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുവീൻ എന്നാണ് യേശുകർത്താവും പഠിപ്പിച്ചത്. അക്കാലത്തു അടിമത്വ വ്യവസ്ഥിതി നിലവിലുണ്ടായിരുന്നു. കലുഷിതമായ രാഷ്ട്രീയ അന്തരീക്ഷത്തിൽ പോലും അതിനെതിരെ യേശുവോ, അപ്പോസ്തലന്മാരോ എന്തെങ്കിലും പഠിപ്പിക്കുകയോ ഉരിയാടുകപോലുമോ ചെയ്തിട്ടില്ല. രാഷ്ട്രീയ നേതൃത്വത്തിന് കീഴടങ്ങി അനുസരിക്കുക എന്നതായിരുന്നു സഭാനേതൃത്വത്തിന്റെ പഠിപ്പിക്കലും പ്രബോധനവും. ഉപദേശ വിഷയങ്ങളിൽ രാഷ്ട്രത്തിന്റെ ഭരണാധികാരികൾ കൈ കടത്തുകയോ, സന്തുലിത അവസ്ഥയെ അട്ടിമറിക്കുന്ന വിധത്തിൽ ഇടപെടൽ നടത്തുകയോ ചെയ്യാതിരുന്നാൽ പരസ്പര ബഹുമാനത്തോടും ആദരവോടും അതാതിന്റെ മേഖലകളിൽ സുഗമമായി കാര്യാദികൾ ക്രമീകരിച്ചു സഭയ്ക്കും രാഷ്ട്രത്തിനും നല്ല ബന്ധം നിലനിർത്തി മുന്നേറുവാൻ കഴിയും. എന്റെ രാജ്യം ഐഹീകമല്ല, എന്റെ രാജ്യം ഐഹീകമായിരുന്നു എങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചു കൊടുക്കാതിരിക്കുവാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹീകമല്ല (യോഹന്നാൻ 18:36). ഐഹീകമല്ല എന്ന് പറഞ്ഞാൽ, ഈ ലോകത്തിന്റെ വ്യവസ്ഥിതിക്കോ സംവിധാനത്തിനോ അനുസരിച്ചുള്ളതല്ല എന്നർത്ഥം. ലോക സംവിധാനത്തിൽ യുദ്ധം ചെയ്യുവാൻ സൈനീക സന്നാഹങ്ങളും, ക്രമസമാധാനം നിലനിർത്തുവാൻ പോലീസും കോടതിയും ജയിലും അനിവാര്യമാണ്. ദൈവരാജ്യത്തിൽ ഇത്തരത്തിലുള്ള യാതൊരു ക്രമീകരണങ്ങളും ആവശ്യമില്ല.

**ക്രിസ്തുവിന്റെ രക്ഷണ്യമാർഗത്തിലൂടെ മാത്രമാണ് രക്ഷ:**

മറ്റൊരുവനിലും രക്ഷയില്ല. കാരണം നമ്മെ രക്ഷിക്കാൻ തക്ക മറ്റൊരു നാമവും ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ നൽകപ്പെട്ടിട്ടില്ല (അപ്പോ. പ്രവൃത്തികൾ 4:12). പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി യഹൂദ മഹാപുരോഹിതന്മാരോടും പ്രമാണിമാരോടും ശാസ്ത്രിമാരോടും ധീരതയോടെ പറഞ്ഞ വാക്കുകളാണ് ഇത്. കർമ്മാനുഷ്ഠാനങ്ങളെ രക്ഷാമാർഗമായി കാണുന്നവർ ക്രിസ്തുവിന്റെ ക്രൂശുമരണത്തെ അവഗണിക്കുകയാണ്. ക്രിസ്തുവിലൂടെ മാത്രമാണ് രക്ഷ എന്നു പറയുന്നത് സങ്കുചിതമനോഭാവമാണെന്നു ചിലർ ആക്ഷേപിക്കാറുണ്ട്. ഓക്സിജൻ മാത്രമാണ് പ്രാണവായു എന്നു പറയുന്നത് സങ്കുചിതമാണോ? എത്രയോ വാതകങ്ങളുണ്ട്? എന്നാൽ അവയിലൊന്നും പ്രാണവായുവായി പ്രയോജനപ്പെടുകയോ, പറയുകയോ ചെയ്യുന്നില്ല. അതുപോലെ രക്ഷ പ്രാപ്യമാകുന്നത് ക്രിസ്തുവിലൂടെ ആണെന്നുള്ളത് ഒരു യാഥാർഥ്യം മാത്രമാണ്.

മാനസാന്തരപ്പെട്ട് രക്ഷാനിർണയം പ്രാപിച്ച ദൈവമക്കളെ ആണ് സ്വർഗീയ പൗരന്മാർ എന്ന് തിരുവെഴുത്തു വിശേഷിപ്പിക്കുന്നത്. സ്വർഗീയ പൗരൻ എന്ന നിലയിൽ സ്വർഗീയ ഭരണഘടനയാണ് ബാധകമായിട്ടുള്ളത്. രാഷ്ട്രത്തിന്റെ ഭരണഘടനയാണ് അതാതു രാജ്യങ്ങളിലെ പൗരന്മാർ അനുസരിക്കേണ്ടത്.

സ്വർഗീയ ഭരണഘടന നമ്മുടെ സ്വന്ത ഭാഷയിൽ എഴുതി ഓരോരുത്തർക്കും കുറഞ്ഞത് ഒരു പ്രതിയെങ്കിലും ദൈവം ലഭ്യമാക്കി തന്നിരിക്കുന്നു. നമ്മുടെ കൈവശമുള്ള ബൈബിൾ അഥവാ സ്വർഗീയ ഭരണഘടനാക്രമം അനുസരിച്ചു ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം ബാധ്യസ്ഥരാണ്. അങ്ങനെ ജീവിതരൂപാന്തരം പ്രാപിച്ചു ക്രിസ്തുവിനോട് അനുരൂപപ്പെടുമ്പോഴാണ് നിത്യതയിൽ തന്നോടൊപ്പം വസിക്കുവാൻ സാധിക്കുന്നത്. ഇതായിരിക്കണം നമ്മുടെ ഓരോരുത്തരുടെയും ജീവിതലക്ഷ്യം.

റോമാലേഖന പഠനം - 34



ചെയ്സ് ജോസഫ്

# ക്രിസ്തു നമുക്ക് പകരം

നമുക്ക് പകരം ക്രിസ്തു എന്നത് ഇന്ന് വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു ഉപദേശം ആണ്. ഈ ഒരു സത്യത്തെ വലിച്ചു നീട്ടി അനേകം ദുരുപദേശങ്ങളും ഉണ്ടായിട്ടുണ്ട്. ചിലർ പറയുന്നത്, ക്രിസ്തു എല്ലാം ചെയ്തു എന്നതിനാൽ നാം ഇനി ഒന്നും ചെയ്യേണ്ടതായിട്ടില്ല എന്നാണ്. എന്നാൽ യേശു നമ്മുടെ പകരക്കാരൻ ആകുന്നതു നാം ഒന്നും ചെയ്യാതെ ഇരിക്കാൻ അല്ല, ജഡത്താൽ നമുക്ക് സാധിക്കാത്തതിനെ സാധിപ്പിക്കാൻ ആണ്. (റോമർ 8 :3 ). അതായത് നമ്മോടു അഞ്ഞൂറ് കിലോയുള്ള ഒരു കല്ല് എടുത്തു മാറ്റാൻ നിയമം ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ. അത് എടുത്തു മാറ്റിയെ പറ്റൂ, കാരണം നിയമം എല്ലാവർക്കും ഉള്ളതാണ്. എന്നാൽ എനിക്ക് അത് കഴിയുന്നില്ല എന്നത് എന്നെ നിലവിളിക്കാൻ തോന്നിപ്പിക്കുന്നു. ഇനി എന്തു ചെയ്യും എന്ന ചോദ്യം നമ്മെ ഭാരപ്പെടുത്തുന്നു. അവിടെയാണ് ഞാൻ വിശ്വസിക്കുന്നത് ഇനി ഞാൻ അല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നത് എന്ന്. അത് കൊണ്ട് ഞാൻ ഇല്ലാതാവുകയോ എന്റെ അസ്തിത്വം അപ്രത്യക്ഷമാവുകയോ അല്ല, ക്രിസ്തുവിന്റെ ജീവൻ എന്റെ ജീവിതം ആവുകയാണ്. അത് എന്റെ വിശ്വാസം ആണ്. വിശ്വാസത്താൽ ക്രിസ്തുവിന്റെ ജീവനിൽ ജീവിക്കുന്നത് കൊണ്ടാണ് നാം അനുസരിക്കുന്നവർ ആകുന്നത്. അത് കൊണ്ട് വിശ്വാസം മാത്രം എന്നത് നാം ഊന്നിപ്പറയേണ്ട ഒരു സത്യം ആണ്. വിശ്വാസവും അതിന്റെ കൂടെ പ്രവൃത്തിയും എന്ന് പറയുമ്പോൾ ദൈവവും മനുഷ്യനും കൂടി ഒരു പണി ചെയ്യുന്ന സാഹചര്യമാണ് ഉണ്ടാവുന്നത്. അതിൽ മനുഷ്യന്റെ ഭാഗം എപ്പോഴും പരാജയം ആയിരിക്കും.

പൗലോസ് പറയുന്നത്, ന്യായപ്രമാണത്തിന്റെ നീതി നമ്മിൽ നിവർത്തിക്കാൻ ദൈവപുത്രൻ നമുക്കായി ഇവിടെ ജീവിക്കുകയും മരിക്കുകയും ചെയ്തു. നമ്മെ ജീവിപ്പിക്കുന്ന ആത്മാവിനെ അനുസരിച്ചു നടക്കുന്ന നാം നമ്മുടെ പരിമിതികൾക്കപ്പുറത്തുള്ള നീതിക്കു അവകാശി ആവുകയും ചെയ്യുന്നു.

മുൻപോട്ടു വായിക്കുമ്പോൾ, കൂടുതൽ വ്യക്തമാകുന്നത് രണ്ടു പ്രമാണങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ആണ്. ജഡസ്വഭാവമുള്ളവർക്കു ആത്മാവിനുള്ളത് ചിന്തിക്കാൻ കഴിയില്ല. അവർക്കു ജഡത്തെ നിയന്ത്രിക്കുന്ന നിയമങ്ങളാൽ മാത്രമേ നടക്കാൻ കഴിയുകയുള്ളു. ആത്മാവിനുള്ളവർ ആത്മാവിനുള്ളത് ചിന്തിക്കുന്നു. അതുകൊണ്ട് അവരെ നിയന്ത്രിക്കാൻ നിയമങ്ങൾ ആവശ്യമില്ല. അവർ ആത്മാവിനാൽ നടത്തപ്പെടുന്നു. ജഡസ്വഭാവമുള്ളവർ മരണത്തിന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്നു എന്നതിനാൽ അവർ എന്ത് ചെയ്താലും ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നില്ല. അവർ എപ്പോഴും പരാജയപ്പെട്ടവർ ആയി അവശേഷിക്കുന്നു. കാരണം ജഡത്തിനുള്ളവർ മരണത്തെക്കുറിച്ചു ആണ് ചിന്തിക്കുന്നത്. അവർ മരണഭയത്തെ അതിജീവിക്കുന്നില്ല. കാരണം അവരെ നയിക്കുന്നത്, പാപത്തെ വാഴിക്കുന്ന, മരണഭയം ഉളവാക്കുന്ന പഴയ പ്രമാണങ്ങൾ ആണ്.

അങ്ങനെ ജീവിച്ചാൽ നാം മരിക്കും നിശ്ചയം. കാരണം അത് ജീവന്റെ പ്രമാണമോ, ആത്മാവിന്റെ നടത്തിപ്പോ അല്ല. എന്നാൽ ഇന്ന് നാം കാണുന്ന ഏറ്റവും ദു:ഖകരം ആയ കാര്യം, ഈ പഴയ പ്രമാണങ്ങളിൽ നാം തളച്ചിടപ്പെടുന്നു എന്നതാണ്. ദൈവത്തിന്റെ ആത്മാവില്ലാത്തവർ ആണ് മരണത്തിന്റെ പഴയ പ്രമാണത്തിൽ ഉള്ളത്.

നാം ഏതു സ്വഭാവം ഉള്ളവർ ആണ്? ദൈവത്തിന്റെ ആത്മാവ് ഉള്ളിൽ ഉണ്ടോ? എങ്കിൽ നാം ആത്മസ്വഭാവം ഉള്ളവർ ആണ്. ദൈവത്തിന്റെ ആത്മാവ് ഉള്ളവർ ദൈവത്തിനുള്ളവർ ആണ്. ദൈവ

ത്തിനുള്ളവർക്കു ആണ് അവിടുന്ന് ആത്മാവിനെ നൽകിയിരിക്കുന്നത്. ആത്മാവ് ഉണ്ടെങ്കിൽ നാം മരണത്തിനു അധീനരല്ല, കാരണം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ച ദൈവം, നമ്മെയും അവിടുത്തെ ആത്മാവിന്റെ ശക്തിയാൽ ജീവിപ്പിക്കും. ഈ ശരീരം മരണത്തിലേക്ക് പോയാലും ആത്മാവിലെ ജീവൻ ഒരിക്കലും അപ്രത്യക്ഷമാകുന്നില്ല. അത് പിന്നീട് നമ്മുടെ ശാരീരിക പുനരുത്ഥാനത്തിനു കാരണമാകും. ക്രിസ്തു ഉള്ളിൽ ഉള്ളവർ അവിടുത്തെ ആത്മാവിന്റെ നീതി നിമിത്തം ജീവൻ പ്രാപിച്ചവർ ആകുന്നു.

ഇത് എന്താണ് നമ്മെ പഠിപ്പിക്കുന്നത്? ക്രിസ്തു ഉള്ളവരും ക്രിസ്തു ഇല്ലാത്തവരും എന്ന രണ്ട് വിഭാഗം ജനങ്ങൾ മാത്രമാണ് ഈ ലോകത്തുള്ളത്. വേറൊരു വിധത്തിൽ പറഞ്ഞാൽ, ആദാമിനുള്ളവരും, ക്രിസ്തുവിനുള്ളവരും എന്ന രണ്ടു വിഭാഗങ്ങൾ. ആദാമിനുള്ളവർ ജഡസ്വഭാവമുള്ളവരും മരണത്തിന്റെ കർശന പ്രമാണത്താൽ നയിക്കപ്പെടുന്നവരും ആണ്. അവർ ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല. അവർ നിശ്ചിതമായ ശിക്ഷയിലേക്ക് പോകുന്നു. അവർ ജഡത്തിനു കടക്കാരായിരിക്കുന്നു. അതുകൊണ്ടു തന്നെ ആ കടം വീട്ടുവാൻ കഴിവില്ലാതെ അവർ ശിക്ഷയിലേക്കു പോകുന്നു

ക്രിസ്തുവിനുള്ളവർ അവരുടെ പാപശരീരത്തെ അതിന്റെ സകല മോഹങ്ങളോടും പാപരാഗങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. അവരെ നയിക്കുന്നത് ആത്മാവാണ്. ആത്മാവ് അവരിൽ ഉണ്ട് എന്ന് പറയുന്നത് ക്രിസ്തു ഉള്ളിൽ വസിക്കുന്നു എന്ന് പറയുന്നത് തന്നെ ആണ്. കാരണം ക്രിസ്തുവിനെ മരണം വരെ നടത്തിയ, അവനെ പുനരുത്ഥാനം ചെയ്യിച്ച അതേ ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്, അത് കൊണ്ട് നാം ആത്മാവുള്ളവരും, ജീവന്റെ വാഗ്ദത്തം കിട്ടിയവരും, ജഡത്തിന്റെ അഥവാ പാപത്തിന്റെ കടം വീട്ടാൻ ആവശ്യമില്ലാത്തവരും ആണ്. നാം നടക്കുന്നത് ആത്മാവിനെ അനുസരിച്ചാണ് എന്നതുകൊണ്ടു തന്നെ, മരണത്തിന്റെ പ്രമാണത്തിൽ നിന്നും മുക്തരായിരിക്കുന്നു.

**ജഡത്തെ അനുസരിക്കുക എന്ന് പറഞ്ഞാൽ എന്താണ്?** ജഡം നമ്മിൽ ഉളവാക്കുന്ന പാപരാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സ്വാഭാവികജീവിതവും, അതിന് മേൽ മരണഭയത്തിലൂടെ വരുത്താൻ ശ്രമിക്കുന്ന നിയന്ത്രണങ്ങളും ആണ് ഇന്ന് ആദാമ്യമനുഷ്യനെ നയിക്കുന്നത്. ജഡത്തെ അനുസരിക്കുമ്പോൾ, ന്യായപ്രമാണത്തിനും നാം വിധേയർ ആവുന്നു. കാരണം ജഡത്തെ അപ്രകാരം നിയന്ത്രിക്കേണ്ടത് വളരെ ആവശ്യം. എന്നാൽ ജഡത്തെ നിയന്ത്രിക്കുന്ന പ്രമാണങ്ങളും നമ്മെ ജീവനിലേക്കല്ല, മരണത്തിലേക്ക് ആണ് എത്തിക്കുന്നത്.

**ആത്മാവിനെ അനുസരിക്കുക എന്ന് പറഞ്ഞാൽ എന്താണ്?** ശരീരത്തിന്റെ പ്രവർത്തികൾ മരിപ്പിക്കുക എന്നതാണ് ആത്മാവിന്റെ അനുസരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിശ്വാസത്താൽ ശരീരത്തിന്റെ രാഗമോഹങ്ങളുടെ കർതൃത്വം അവസാനിച്ചിരിക്കുന്നു. നാം പുത്രത്വത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. ദൈവത്തിന്റെ ആത്മാവ് പുത്രത്വത്തിന്റെ ആത്മാവാണ്. ആത്മാവിന്റെ അനുസരണം ഒരു പുത്രന്റെ അനുസരണം ആണ്. ഒരു ജഡ്ജിയുടെ മുൻപിൽ നീതി തെളിയിക്കുകയല്ല, പിന്നെയോ ഒരു പിതാവിന്റെ മകൻ/മകൾ ആയി മാറുകയാണ്. അവിടെ ദാസ്യത്വം അവസാനിച്ചിരിക്കുന്നു. ഇത് പിന്നെയും ദാസ്യത്വത്തിൽ നമ്മെ കുരുക്കി ഇടുന്നില്ല. ഇന്ന് നമ്മിൽ പലരും ഈ അടിമത്തത്തിൽ, ദാസ്യത്വത്തിൽ വീണ്ടും കുടുങ്ങുന്നത് കാണാൻ കഴിയും. അവർ ഒരു ജഡ്ജിയുടെ മുൻപിൽ അവരുടെ നന്മ കാണിക്കാൻ ശ്രമിക്കുകയാണ്. ജഡ്ജി അവരുടെ പ്രകടനം കണ്ടു അവരെ അംഗീകരിച്ചേക്കാം എന്ന് അവർ പ്രതീക്ഷിക്കുന്നു. എന്നാലും പലപ്പോഴും ജീവന്റെ ഉറപ്പു കിട്ടുന്നില്ല. അത്കൊണ്ട് മരണഭയത്തിനു അടിമകൾ ആയിരിക്കുന്നു. രക്ഷയുടെ, പുത്രത്വത്തിന്റെ ഉറപ്പു നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ട് തന്നെ ഈ വാക്യങ്ങളിൽ നാം കണ്ട ശാരീരിക പുനരുത്ഥാനത്തിന്റെ കാത്തിരിപ്പ് ഇന്നില്ല. ഉറപ്പില്ലാത്ത ഒരു ജനം എങ്ങനെ ആണ് കർത്താവിനു വേണ്ടി കാത്തിരിയ്ക്കുക?

എന്റെ രക്ഷ എനിക്ക് ഉറപ്പു ഇല്ലെങ്കിൽ കർത്താവിനു വേണ്ടി ആത്മാർത്ഥമായി കാത്തിരിക്കുക എന്നത് അസാധ്യമാണ്. പാപത്തിനും മരണത്തിന്റെ പ്രമാണത്തിനും നാം അടിമകൾ ആയിരിക്കുന്നിടത്തോളം നാം കർത്താവിന്റെ വരവിനെ ഭയത്തോടെ മാത്രമേ നോക്കുകയുള്ളു. അത് കൊണ്ട് നാം ചുറ്റും ഒന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും; ഒരു കാലത്തു പ്രത്യാശ ഗാനങ്ങൾ പാടി കർത്താവിനെ കാത്തിരുന്ന ജനം ഇന്ന് ആ പാട്ടുകൾ നിർത്തി. അഥവാ ഇന്ന് പാടുന്നുണ്ടെങ്കിൽ ആ പ്രത്യാശ ഗാനങ്ങൾ എല്ലാം പഴയ പാട്ടുകൾ ആണ്. പ്രത്യാശയോടെ, രക്ഷയുടെ ഉറപ്പോടെ, കർത്താവിന്റെ വരവിനായി വിശ്വാസികൾ കാത്തിരുന്ന അക്കാലത്തു എഴുതപ്പെട്ട പാട്ടുകൾ ആണ് അവ. മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ? •



ജെസ്സി സാജു




# ദൈവിക ബന്ധം

ദൈവം ഭൂമിയെ സൃഷ്ടിക്കുന്ന വിവരണത്തോടെയാണല്ലോ ഉല്പത്തി പുസ്തകം ആരംഭിക്കുന്നത്. ഓരോ സൃഷ്ടിപ്പു കഴിയുമ്പോഴും ദൈവം പറയും 'എത്രയും നല്ലത്'. എന്നാൽ ഒടുവിൽ മനുഷ്യനെ സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ ദൈവം പറയുന്നത്, അവൻ ഏകനായിരിക്കുന്നത് നന്നല്ല, ഞാൻ അവനു തക്കതുണയെ ഉണ്ടാക്കും എന്നാണ് (ഉല്പത്തി 2:18). അങ്ങനെ നരനിൽ നിന്നു എടുത്ത സ്ത്രീയെ നാരി എന്ന് വിളിച്ച്, ദൈവം അവരെ ഏദൻ തോട്ടത്തിൽ പാർപ്പിച്ചു. ആദമും ഹവ്വയും ദൈവവും! അവർക്കിടയിൽ ഒന്നുമുണ്ടായിരുന്നില്ല, ആരുമുണ്ടായിരുന്നില്ല. വളരെ ശ്രുതിമധുരമായ ജീവിതം.

ഇന്നും ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത് ഇതുപോലുള്ള ഒരു ദൈവികബന്ധമാണ്. ഈ ദൈവീകബന്ധത്തെ തകർക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. അതിനു അവൻ ഏതു ഉപായവും പ്രയോഗിക്കും. സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുകൊണ്ടു അവന്റ പേരിന്റെ ഒരർത്ഥം ഉപായി എന്നാണ്. ഏതു കള്ളവും കെട്ടിച്ചമച്ചു കാര്യം സാധിപ്പിക്കാൻ വിരുതനും! പിന്നെ അവൻ ഭോഷ്കിന്റെ അപ്പനുമാണല്ലോ. വളരെ സന്തോഷത്തോടെ ജീവിച്ച ആദമിന്റെ അസ്ഥിയും മാംസവുമായ ഹവ്വയെ ഉപയത്താൽ അവൻ ചതിച്ചു, അല്ലെങ്കിൽ സാത്താൻ പറഞ്ഞ കള്ളങ്ങൾ അവൾ വിശ്വസിച്ചു. അവളിലെ ദൈവിക ബന്ധത്തെ ഒന്ന് ഉലച്ചാൽ തന്റെ പദ്ധതി വിജയിക്കും എന്നവന് അറിയാമായിരുന്നു. ഉല്പത്തി പുസ്തകത്തിലെ മൂന്നാം അധ്യായത്തിൽ ഈ സംഭവം വിവരിക്കുന്നുണ്ട്.

സാത്താൻ കൗശലക്കാരൻ ആണല്ലോ. ഒരുപക്ഷെ, സാത്താന് ചെവികൊടുക്കുന്നതിനു മുൻപ് അവർ ആ വൃക്ഷത്തിലേക്കു നോക്കുവാൻ പോലും തുനിഞ്ഞിട്ടുവുകയില്ല. തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവും ആണ് വൃക്ഷഫലം എന്ന അവന്റെ ആലോചനയായിരിക്കാം അങ്ങനെ ഒരു മനോഭാവം അവരിൽ സൃഷ്ടിച്ചത്. ഇതുവരെ സ്രഷ്ടാവിൽ മാത്രമായിരുന്നു അവളുടെ കണ്ണ്. എന്നാൽ ഇപ്പോൾ തന്റെ കണ്ണിന് മുമ്പിൽ, രുചിയുള്ള ഭക്ഷണവും, സൗന്ദര്യമുള്ള കാഴ്ചകളും, ജ്ഞാനം പ്രാപിക്കാൻ ഉള്ള ആഗ്രഹവും ആണ് വന്നു നിൽക്കുന്നത്. ഇന്നും ദൈവത്തിൽ നിന്നു മനുഷ്യനെ അകറ്റുന്നത് ഇത് തന്നെയല്ലേ?

**ബന്ധങ്ങൾക്ക് യാതൊരു സ്ഥാനവും വിലയും ഇല്ലാതെയായി. സൗന്ദര്യവും ആഹാരവും പ്രതാപവും ജ്ഞാനവും ഒക്കെ ദൈവത്തിൽനിന്ന് മനുഷ്യരെ അകറ്റി. അപ്പോൾത്തന്നെ മനുഷ്യരെ തമ്മിലും അകറ്റി. അങ്ങനെ സ്വയത്തിലേക്ക് അവർ തിരിയുന്നു. സ്വാർത്ഥതയും, സ്വയംപര്യാപ്തതയും സ്വന്തം കാര്യം മാത്രം സിന്ദാബാദ് എന്ന മനോഭാവവും ആണ് ബന്ധങ്ങളുടെ ഉലച്ചിലിനു കാരണം.**

## നമുക്ക് ദൈവത്തോടുള്ള ബന്ധത്തെ തടസ്സപ്പെടുത്തുന്ന എന്തും ഏതും ഇല്ലായ്മ ചെയ്തു ദൈവിക ബന്ധം പുന:സ്ഥാപിക്കാൻ ആണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്

'ദൈവരാജ്യം ഭക്ഷണവും പാനീയവും അല്ല. നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ' തിന്നാനും കുടിക്കാനും ഉള്ളതല്ല ദൈവത്തിന്റെ രാജ്യം. നമ്മുടെ ജീവിതത്തിന് ഭക്ഷണം ആവശ്യമാണ്. എന്നാൽ അത് നമ്മെ ദൈവസാന്നിധ്യം അനുഭവിക്കുന്നതിൽ നിന്ന് അകറ്റുന്നത് ആണെങ്കിൽ അതിൽ നിന്നും ഒരു വർജ്ജനം ആവശ്യമാണ്. രണ്ടാമത് കാഴ്ചയുടെ ലോകം ആണ്. കാണാൻ ഭംഗിയുള്ള ആരെയും എന്തിനെയും സ്വന്തമാക്കാൻ, മനുഷ്യൻ ഇന്ന് നെട്ടോട്ടമോടുന്നു. ദൈവത്തിന്റെ പദ്ധതിയെ തകർത്തുകൊണ്ട് സൗന്ദര്യത്തിന് പുറകെ പോകുന്നതും കാണാൻ ഭംഗിയുള്ളതിനെ തേടിപ്പോകുന്നതുമായ ഒരു തലമുറയല്ലേ ഇന്നത്തെ മനുഷ്യർ.

മൂന്നാമതായി, ജ്ഞാനം പ്രാപിക്കാൻ വേണ്ടി ഉള്ള നെട്ടോട്ടം. പഠിച്ച് മിടുക്കരായി ദൈവവും വേണ്ട, ആരും വേണ്ട എന്നൊരു സ്ഥിതിയിലേക്ക് ആയിത്തീർന്നു കാര്യങ്ങൾ. ബന്ധങ്ങൾക്ക് യാതൊരു സ്ഥാനവും വിലയും ഇല്ലാതെയായി. സൗന്ദര്യവും ആഹാരവും പ്രതാപവും ജ്ഞാനവും ഒക്കെ ദൈവത്തിൽനിന്ന് മനുഷ്യരെ അകറ്റി. അപ്പോൾത്തന്നെ മനുഷ്യരെ തമ്മിലും അകറ്റി. അങ്ങനെ സ്വയത്തിലേക്ക് അവർ തിരിയുന്നു. സ്വാർത്ഥതയും, സ്വയം പര്യാപ്തതയും സ്വന്തം കാര്യം മാത്രം സിന്ദാബാദ് എന്ന മനോഭാവവും ആണ് ബന്ധങ്ങളുടെ ഉലച്ചിലിനു കാരണം. നമ്മിൽ ദൈവത്തിന് തന്റെ പദ്ധതി പൂർണ്ണമായി നിറവേറ്റുന്നതിനും ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നാം വളരുന്നതിനും ബന്ധങ്ങളുടെ ഉലച്ചിൽ തടസ്സം നിൽക്കുന്നതുമാണ്.

നമുക്ക് ദൈവത്തോടുള്ള ബന്ധത്തെ തടസ്സപ്പെടുത്തുന്ന എന്തും ഏതും ഇല്ലായ്മ ചെയ്തു ദൈവിക ബന്ധം പുന:സ്ഥാപിക്കാൻ ആണ് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ദൈവം സ്നേഹം ആകുന്നു. അവിടുത്തെ സ്നേഹത്തിനു ഒരു കുറവും വന്നില്ല എന്നതിന് തെളിവാണ്, ആദം ഹവ്വമാർ പാപം ചെയ്തപ്പോഴും എല്ലാ ദിവസവും ചെയ്തു വന്നിരുന്നതുപോലെ അവിടുന്ന് ഇറങ്ങി വന്നതും സംസാരിച്ചതും. ദൈവം കല്പിച്ച കല്പനകളുടെ ലംഘനവും തോട്ടത്തിൽ നിന്ന് അവരെ പുറത്താക്കുന്ന സംഭവവും നമുക്കൊക്കെ ചരിത്രവും കഥകളുമായി തീർന്നിരിക്കുകയാണ്. എന്നാൽ ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ പ്രദർശനമായിരുന്നു തോട്ടത്തിൽ നിന്ന് അവരെ പുറത്താക്കിയത്. ജീവവൃക്ഷത്തിന്റെ ഫലം അവർക്ക് ഭക്ഷിക്കാൻ ദൈവം കൊടുത്തതാണ്. പാപം ഇല്ലാത്ത അവസ്ഥയിൽ അത് അവർ ഭക്ഷിച്ചാൽ ആ അവസ്ഥയിൽ അവർക്ക് തുടരാൻ ആവും. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നാൽ അവർ ദൈവീക സംസർഗത്തിൽ നിന്ന് വേർപെട്ട് എന്നേക്കും പാപത്തിൽ ജീവിക്കേണ്ട അവസ്ഥയുണ്ടാകും. അതായതു അറിഞ്ഞുകൊണ്ടല്ലെങ്കിലും പാപം ചെയ്യുവാൻ ഇവിടെ ഹവ്വാ തീരുമാനിക്കുകയായിരുന്നു. ആത്മീക മരണം ആണ് അതിന്റ ഫലം. അതു വരാതിരിക്കാനാണ് ദൈവം അവരെ പുറത്താക്കുന്നത്.

പാപം ചെയ്തതിനുശേഷം അറിയാതെയെങ്കിലും ജീവവൃക്ഷത്തിന്റെ ഫലം തിന്നു പോയാൽ അവരെ ഒരിക്കലും രക്ഷിക്കാൻ കഴിയാത്ത അവസ്ഥ വരും. എന്നുവച്ചാൽ വ്യക്തിയുടെ സമർപ്പണം കൂടാതെ ആർക്കും രക്ഷപ്രാപിപ്പാൻ സാധ്യമല്ല എന്നർത്ഥം. ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും പ്രദർശനമാണ്, ഏദൻ തോട്ടത്തിൽ നിന്ന് അവരെ പുറത്താക്കിയത്.

ഇന്നു നമുക്ക് വീണ്ടും ദൈവത്തിങ്കലേക്കു മടങ്ങിവരാനുള്ള സാധ്യതകളെ ലക്ഷ്യം വെച്ച് കൊണ്ടാണ് യേശുക്രിസ്തു പരമയാഗം ആയിത്തീർന്നത്. നന്മ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നൽകിയിരിക്കുന്നു. എന്നാൽ ഇന്ന് മനുഷ്യൻ ഇവിടെ എന്തെങ്കിലും നേടണമെന്നും വലിയവരാകണമെന്നും തിന്നു കുടിച്ചു മദിക്കണമെന്നും ആഗ്രഹിക്കുന്നു. അതിനായി മനുഷ്യൻ നെട്ടോട്ടമോടുന്നു.

യേശുക്രിസ്തുവുമായുള്ള ബന്ധം നമ്മെ നിത്യതയിലേക്ക് ആണ് അടുപ്പിക്കുന്നത്. യുഗാ യുഗം നിലനിൽക്കുന്ന പിതൃപുത്ര ബന്ധം ആണ് യേശുക്രിസ്തുവിലൂടെയുള്ള ബന്ധം. ഇപ്പോൾ ആയിരിക്കുന്ന പാപാവസ്ഥയിൽ നിന്ന് ഒന്ന് തിരിഞ്ഞു നടന്നാൽ, അതായതു മാനസാന്തരപ്പെട്ടാൽ യേശു കർത്താവിന്റെ കൈ പിടിച്ചു നടക്കാൻ കഴിയും. ആദമും ഹവ്വയും ഏദൻ തോട്ടത്തിൽ വീഴ്ചയ്ക്ക് മുമ്പ് നടന്നതുപോലെ.

•



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# കിസ്തുവിനോടുള്ള ബന്ധം

അവൻ പുരുഷാരത്തോട് സംസാരിച്ചു കൊണ്ടിരിക്കുകയിൽ അവന്റെ അമ്മയും സഹോദരന്മാരും അവനോട് സംസാരിക്കാൻ ആഗ്രഹിച്ചു പുറത്തുനിന്നു. ഒരുത്തൻ അവനോട് നിന്റെ അമ്മയും സഹോദരന്മാരും നിന്നോട് സംസാരിക്കാൻ ആഗ്രഹിച്ച് പുറത്തു നിൽക്കുന്നു എന്ന് പറഞ്ഞു. അത് പറഞ്ഞവനോട് അവൻ എൻെറ അമ്മ ആർ? എന്റെ സഹോദരന്മാർ ആർ എന്ന് ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈ നീട്ടി: ഇതാ, എന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്ന് പറഞ്ഞു (മത്തായി 12: 46 - 50).

ക്രിസ്തുവിനോടുള്ള ബന്ധം ആത്മീയ ബന്ധമാണ്. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് അതിനു നല്ല ഒരു വിശദീകരണം ആണ് കർത്താവ് നൽകുന്നത്. കാനാവിൽ വിവാഹവീട്ടിലെ സംഭവം ഒഴിച്ചാൽ മറ്റൊരിടത്തും യേശുകർത്താവിൻെറ പരസ്യ ശുശ്രൂഷയിൽ സഹായിയായി അമ്മയായ മറിയ കാണുന്നില്ല. മറിയയ്ക്കു മറ്റു മക്കൾ ഉണ്ടായിരുന്നതുകൊണ്ട് അവരുടെ സംരക്ഷണ ചുമതലയും വീട്ടുകാര്യങ്ങളും ഉണ്ടായിരുന്നതു കൊണ്ടാകാം മറിയ യേശുവിനെ അനുഗമിക്കുന്നവരുടെ കൂട്ടത്തിൽ കാണപ്പെടാതിരുന്നത്. എന്നാൽ മറിയയും മക്കളും യേശുവിനെ കാണുവാൻ വന്ന ചില സംഭവം നാം സുവിശേഷങ്ങളിൽ കാണുന്നുണ്ട്.

മാനുഷിക നിലയിൽ അമ്മ, സഹോദരന്മാർ എന്നത് ഏറ്റവും വലിയ ബന്ധങ്ങളാണ്. അവർക്ക് നേരെ ചെന്നു കാണുവാനും സംസാരിക്കുവാനും അധികാരമുണ്ട്. ആ അവകാശത്തോടെ ആണ് മറിയയും മക്കളും യേശുവിനെ കണ്ട് സംസാരിക്കാൻ വന്നത്. അവർ പുറത്തുനിന്ന് യേശുവിന്റെ അടുക്കൽ വിവരം അറിയിക്കുവാൻ ഒരാളെ പറഞ്ഞയച്ചു. അപ്പോൾ യേശുവിന്റെ പ്രതികരണമാണ് നമ്മുടെ വേദഭാഗത്ത് നാം കാണുന്നത്.

അമ്മ എന്നത് അധികാരമുള്ള ഒരു സ്ഥാനമാണ്. എന്നാൽ യേശുവിന്റെ അമ്മ എന്ന നിലയിൽ മറിയയുടെ സ്ഥാനം വളരെ പരിമിതമാണ്. കാരണം യേശു, ദൈവപുത്രനും മനുഷ്യസദൃശ്യത്തിൽ മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും രക്ഷകനായി വന്നവനുമാണ്. ക്രിസ്തുവിനെ ഗർഭം ധരിക്കുവാൻ മറിയ തെരഞ്ഞെടുക്കപ്പെട്ടു എന്നത് ദൈവകൃപയാലായിരുന്നു. കൃപ ലഭിച്ചവളെ, സന്തോഷിക്ക എന്നാണ് ലൂക്കോസ് 1 : 28 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവം പകർന്ന കൃപ, മറിയ വിശ്വസിച്ചു, സ്വീകരിച്ചു. കർത്താവു തന്നോടു അരുളിച്ചെയ്തതതിനു നിവൃത്തി ഉണ്ടാകുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി എന്നാണ് (ലൂക്കോസ് 1 :45) മറിയയോട് ഏലീശബത്ത് പറയുന്നത്. അങ്ങനെ ക്രിസ്തുവിനെ ഗർഭം ധരിച്ചതിനാൽ, പ്രസവിച്ചതിനാൽ മറിയ എല്ലാ തലമുറകളിലും ( ഒരാൾക്ക് മാത്രം ലഭിച്ച സൗഭാഗ്യം) ഭാഗ്യവതിയായി. ഇവിടെ ശ്രദ്ധിക്കേണ്ടത് മറിയയിൽ നിന്ന് ജനിച്ചതിനാൽ ക്രിസ്തു ഭാഗ്യവാൻ എന്നല്ല; ക്രിസ്തുവിനെ പ്രസവിച്ചതിനാൽ മറിയ ഭാഗ്യവതിയായിത്തീർന്നു. ക്രിസ്തുവിന്റെ വ്യക്തിത്വപ്രഭാവമാണ് നാമിവിടെ കാണുന്നത്. സ്രഷ്ടാവും സർവ്വശക്തനായ ദൈവവുമാണ് താൻ.

ക്രിസ്തു ആരാണ് എന്നത് മനസ്സിലാക്കുമ്പോഴാണ് മറിയയുടെ സ്ഥാനത്തിന്റെ പരിമിതി നമുക്ക് നന്നായി മനസ്സിലാകുന്നത്. ഇത് ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ കഴിയാത്തവരും, അതിന് ശ്രമിക്കാത്തവരും മറിയയ്ക്ക് അത്യുന്നതമായ സ്ഥാനം നൽകി, ദൈവമാതാവായി

പോലും സങ്കൽപ്പിച്ച് തെറ്റിപ്പോകുന്നു. പിശാചിന്റെ ഈ കെണിയിൽ അകപ്പെട്ട അനേക സഹോദരങ്ങൾ നശിച്ചു പോകുന്നത് വളരെ സങ്കടകരമാണ്.

നിന്റെ അമ്മയും സഹോദരന്മാരും നിന്നോട് സംസാരിക്കാൻ ആഗ്രഹിച്ച് പുറത്തു നിൽക്കുന്നു എന്ന് പറഞ്ഞ വ്യക്തിയോട് കർത്താവ് മറുപടി നൽകുമ്പോൾ ചോദിക്കുന്നു ; എന്റെ അമ്മ ആർ, എന്റെ സഹോദരന്മാർ ആർ? എന്താണ് ഈ ചോദ്യത്തിന്റെ അർത്ഥം? യേശുവിനോട് നിന്റെ അമ്മയും സഹോദരന്മാരും എന്ന് പറഞ്ഞത് സാധാരണ മാനുഷിക ചിന്തയിലാണ്. യേശുവിനെ സാധാരണ ഒരു മനുഷ്യൻ അതായത് ജോസഫിന്റെയും മറിയയുടേയും മകൻ എന്ന ധാരണയിലാണ് പറഞ്ഞത്. മറിയയുടേയും ജോസഫിന്റെയും തന്റെ സഹോദരന്മാരായ മറ്റു മക്കളെപ്പോലെ, അവരുടെ ഒരു മകൻ അല്ലല്ലോ താൻ. അതുകൊണ്ട് താൻ ചോദിക്കുന്നു; എന്റെ അമ്മ ആർ? സഹോദരന്മാർ ആർ? അമ്മയും സഹോദരന്മാരും എന്ന ബന്ധത്തിൽ അവർക്ക് മാത്രമായി ഒരു അധികാരമോ അവകാശമോ തന്റെ മേൽ നിലനിൽക്കുന്നില്ല എന്നത് കർത്താവ് വ്യക്തമാക്കുകയായിരുന്നു.

തുടർന്ന് കർത്താവ് തന്റെ ശിഷ്യന്മാരുടെ നേരെ കൈ നീട്ടിക്കോണ്ട് പറയുന്നു; ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും. അമ്മയ്ക്കും സഹോദരന്മാർക്കും കർത്താവിനോട് ഉണ്ടെന്ന് കരുതുന്ന അടുത്ത ബന്ധവും അവകാശവും വാസ്തവത്തിൽ അനുഭവം ആക്കിയിരിക്കുന്നത് തന്റെ ശിഷ്യന്മാരാണ്. കർത്താവിനെ അനുഗമിക്കുന്ന ഓരോ ശിഷ്യനും കർത്താവിനോട് ഉറ്റബന്ധം ഉള്ളവരാണ്. യേശുവിന്റെ അടുക്കൽ അവർക്ക് എല്ലാ സ്വാതന്ത്ര്യവുമുണ്ട്.

കർത്താവുമായുള്ള അടുത്തബന്ധത്തിന്റെ അടിത്തറ എന്താണ്? സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു. കർത്താവുമായുള്ള ബന്ധത്തിനാധാരം സ്വർഗീയപിതാവിന്റെ ഇഷ്ടം ചെയ്യുന്നതാണ് എന്ന് കർത്താവ് വ്യക്തമാക്കുന്നു. മറ്റൊരു കുറുക്കുവഴിയിലൂടെയും കർത്താവിനെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല.

കർത്താവും ആയിട്ടുള്ള ബന്ധം വ്യക്തിപരമായതാണ്. സുവിശേഷം കേൾക്കുന്നതിലൂടെയാണ് നാം പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് മനം തിരിയുന്നതും യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുന്നതും. അങ്ങനെ കർത്താവുമായി ബന്ധം സ്ഥാപിച്ചു കഴിഞ്ഞാൽ, സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടത്തിന് മുഖ്യസ്ഥാനം കൊടുത്തു ജീവിക്കുക എന്നതാണ് പ്രധാനമായിട്ടുള്ളത്. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന എല്ലാവരെയും നാം നമ്മുടെ അമ്മയും സഹോദരന്മാരും സഹോദരിമാരും നമുക്ക് വേണ്ടപ്പെട്ട ഏറ്റവുമടുത്തവരുമായി കാണുന്നതു പോലെയാണ് കർത്താവ് കാണുന്നത്. കർത്താവുമായി നേരെയുള്ള ബന്ധമാണ് അവർക്കുള്ളത്. സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം ചെയ്യുന്നതിന് സമർപ്പണം ഉള്ള ഏതൊരാൾക്കും ഈ ബന്ധം നേടാവുന്നതാണ്.

**സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം ചെയ്യുന്ന എല്ലാവരെയും നാം നമ്മുടെ അമ്മയും സഹോദരന്മാരും സഹോദരിമാരും നമുക്ക് വേണ്ടപ്പെട്ട ഏറ്റവുമടുത്തവരുമായി കാണുന്നതു പോലെയാണ് കർത്താവ് കാണുന്നത്. കർത്താവുമായി നേരെയുള്ള ബന്ധമാണ് അവർക്കുള്ളത്.**

കർത്താവ് നൽകിയ മറുപടി മറിയയേയും സഹോദരന്മാരെയും അവഗണിക്കുന്നതാണ് എന്ന് കരുതേണ്ട. തന്റെ അടുക്കൽ വരുന്ന ആരെയും കർത്താവ് അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നില്ല. തീർച്ചയായും കർത്താവ് അവരെ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ടാവും. എന്നാൽ തെറ്റായ ചിന്താഗതിയെ തിരുത്തേണ്ടത് അനിവാര്യമായിരുന്നു. തിരുത്തൽ മറ്റുചില സന്ദർഭങ്ങളിലും കർത്താവ് ചെയ്തിട്ടുണ്ട്.

***കർത്താവ് മറിയയെ തിരുത്തിയ രണ്ട് സന്ദർഭങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.***

1. പന്ത്രണ്ടാമത്തെ വയസ്സിൽ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരുന്ന് അവരുടെ ഉപദേശം കേൾക്കുകയും അവരോട് ചോദിക്കുകയും ചെയ്യുന്ന സംഭവം (ലൂക്കോസ് 2:42-49) വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. യേശുവിനെ തങ്ങൾക്കൊപ്പം കാണാതെ തിരഞ്ഞുചെന്ന യോസേഫും മറിയയും യേശുവിനെ ദൈവാലയത്തിൽ ഉപദേശകന്മാരുടെ നടുവിൽ കണ്ടെത്തി. മറിയ തന്റെ പരിഭവം മറച്ചുവയ്ക്കാതെ ശാസനാരൂപേണ ചോദിക്കുന്നു; മകനെ, ഞങ്ങളോട് ഇങ്ങനെചെയ്തതെന്ത്? നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ട് നിന്നെ തിരഞ്ഞു. യേശു നൽകിയ മറുപടി ഇപ്രകാരമായിരുന്നു, എന്നെ

തിരഞ്ഞത് എന്തിനു? ഞാൻ എന്റെ പിതാവിനുള്ള തിൽ ഇരിക്കേണ്ടതെന്ന് നിങ്ങൾ അറിയുന്നില്ലയോ? യേശു ആരാണെന്ന് ജോസഫിനും മറിയയ്ക്കും അറിയാമായിരുന്നില്ലേ? തീർച്ചയായും അറിയാമായിരുന്നു. പ്രത്യേകാൽ മറിയയ്ക്ക്.

ദൈവപുത്രനായ യേശു അവരെയാണോ കാക്കുന്നത് അതോ അവർ യേശുവിനെയാണോ? യേശുവിനെ കാണാത്തതിനാൽ അവർ വ്യസനിച്ചതു എന്തുകൊണ്ട്? അതാണ് കർത്താവ് അവരോട് ചോദിച്ച ആദ്യത്തെ ചോദ്യം. യോസഫും മറിയവും ചിന്തിച്ചത് തികച്ചും മാനുഷികം ആയിട്ടായിരുന്നു. ഒരു സാധാരണ കുട്ടി വളരുന്നത് പോലെ വളർന്നു വന്ന യേശു അവരുടെ മകനാണെന്നും തങ്ങൾ യേശുവിന്റെ അമ്മയപ്പന്മാരെണെന്നും അവർ ചിന്തിച്ചു. അതിനപ്പുറത്തേക്ക് യേശു ആരാണെന്നു അവർക്ക് ചിന്തിക്കുവാൻ കഴിയാതെ പോയി. രണ്ടാമത് കർത്താവ് ചോദിച്ചത്, എന്റെ പിതാവിനുള്ളതിൽ ഞാൻ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ? അമ്മയപ്പന്മാർ എന്ന നിലയിലുള്ള അവരുടെ പരിമിതി കർത്താവ് അവരെ ഓർപ്പിക്കുകയായിരുന്നു. താൻ ആരെന്നും തന്റെ പിതാവ് ആരെന്നും തന്റെ മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യം എന്തെന്നും അവരെ ഓർമിപ്പിക്കുകയാണ് കർത്താവ് ചെയ്തത്.

2. കാനാവിലെ കല്യാണവീട്ടിൽ വീഞ്ഞ് തീർന്നു പോയപ്പോൾ അത് വലിയ പ്രശ്നമായി രൂപപ്പെടുകയായിരുന്നു. എന്നാൽ യേശുവിനു അവരെ സഹായിക്കാൻ കഴിയും എന്ന വിശ്വാസം മറിയക്കുണ്ടായി; മറിയയുടെ വിശ്വാസം ശരിയായിരുന്നു. എന്നാൽ ആ വിഷയം യേശുവിനോട് പറയുമ്പോൾ, എന്തോ ഒരു അപാകത ഉണ്ടായിട്ടുണ്ട്. സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നായിരുന്നുവല്ലോ യേശുവിന്റെ മറുപടി. 30 വയസ്സുവരെ കർത്താവ് നസ്രേത്തിലെ വീട്ടിൽ മറിയയുടെ മൂത്ത പുത്രൻ എന്ന നിലയിൽ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചു പോന്നു എന്നാണ് നാം കരുതേണ്ടത്. എന്നാൽ താൻ ആരാണ് എന്നത് തന്റെ സ്വന്തം ജനമായ ഇസ്രായേലിന് വെളിപ്പെടുത്തിക്കൊണ്ട് യോഹന്നാന്റെ കയ്യിൽ നിന്നും താൻ സ്നാനം സ്വീകരിക്കുന്നു. പിന്നീടുള്ള സമയം മുഴുവൻ പിതാവിന്റെ ഹിതം നിവർത്തിക്കുന്ന പുത്രനായി നാം യേശുവിനെ കാണുന്നു. തന്റെ മകനായി താൻ പറയുന്നത് പ്രവർത്തിക്കുമെന്ന ധാരണയാണ് മറിയക്ക് യേശുവിനെക്കുറിച്ചുണ്ടായിരുന്നത്. ആ നിലയിൽ ആയിരിക്കാം മറിയ യേശുവിനോട് സംസാരിച്ചത്. എനിക്കും നിനക്കും തമ്മിൽ എന്ത്, അഥവാ ഇത് നമ്മുടെ പ്രശ്നമല്ലല്ലോ എന്നാണ് കർത്താവ് പറഞ്ഞതിലെ സാരം. വാസ്തവത്തിൽ മറിയ ആ വീട്ടിലെ ചുമതലപ്പെട്ടവരെ കൂട്ടിയാണ് വരേണ്ടിയിരുന്നത്. അല്ലെങ്കിൽ പ്രശ്നം ആരുടേതാണോ അവർ വന്നാണ് തന്നോട് ആവശ്യം പറയേണ്ടത് എന്ന അർത്ഥമല്ലേ അതിനുള്ളത്. എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല എന്നതിനാൽ തന്റെ പിതാവ് പറയുന്നത് എപ്പോൾ ചെയ്യാൻ പറ്റുമോ അപ്പോൾ ചെയ്യും എന്നാണല്ലോ അർത്ഥമാക്കുന്നത്. പിന്നീട് ഒരിക്കലും മറിയ കർത്താവിന്റെ ശുശ്രൂഷയിൽ ഇടപെട്ടതായി നാം കാണുന്നില്ല. ആരുംതന്നെ മറിയ മുഖാന്തരം യേശുവിനെ സ്വാധീനിക്കാൻ ശ്രമിച്ചതായും കാണുന്നില്ല. അവരവർക്ക് തന്നെ കർത്താവിന്റെ അടുക്കൽ ചെല്ലുവാൻ ഉള്ള സ്വാതന്ത്ര്യം എല്ലാവരും അനുഭവിച്ചിരുന്നു. ഇതു തന്നെയാണ് കർത്താവ് ആഗ്രഹിച്ചതും.

**സ്വർഗ്ഗത്തിലെ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന ഏവരും മറിയയെപ്പോലെ തന്നെ ഭാഗ്യവാന്മാരായിത്തീരുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഈ സത്യത്തെ മനസിലാക്കാൻ കഴിയാതെ പിശാച് അനേകരുടെ ഹൃദയത്തെ കുരുടാക്കിയിരിക്കുന്നു.**

മറ്റൊരു സന്ദർഭത്തിൽ കർത്താവ് ഒരു സ്ത്രീയെ തിരുത്തുന്നു; നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളതു എന്ന് വിളിച്ചു പറയുന്ന സ്ത്രീയോട് കർത്താവ് പറയുന്നു: അല്ല ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ എന്നാണ്. മാനുഷികചിന്തയിൽ നിന്നാണ് സ്ത്രീ അത് പറഞ്ഞത്. പക്ഷേ അത് തികച്ചും തെറ്റായിരുന്നു. മറിയ ഭാഗ്യവതിയായതും ക്രിസ്തുവിനെ പ്രസവിക്കാനുള്ള കൃപ ലഭിച്ചതും ദൈവ ഇഷ്ടം ദൂതൻ മുഖാന്തിരം വെളിപ്പെടുത്തിയപ്പോൾ ഇതാ ഞാൻ, കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ എന്ന് ഏറ്റുപറഞ്ഞ് സമർപ്പിച്ചതുകൊണ്ടാണ്. അതിനാണ് പ്രാധാന്യം. സ്വർഗ്ഗത്തിലെ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന ഏവരും മറിയയെപ്പോലെ തന്നെ ഭാഗ്യവാന്മാരായിത്തീരുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ഈ സത്യത്തെ മനസിലാക്കാൻ കഴിയാതെ പിശാച് അനേകരുടെ ഹൃദയത്തെ കുരുടാക്കിയിരിക്കുന്നു. ●

നോടു ചോദിക്ക്, എന്നാണ് അവന് ഈ കൊട്ടാരമൊക്കെ ഉണ്ടായതെന്ന്! "നീ എന്റെ ജനമായ യിസ്രായേലിനു പ്രഭുവായിരിക്കേണ്ടുന്നതിനു ഞാൻ നിന്നെ പുൽപ്പുറത്തുനിന്ന്, ആടുകളെ നോക്കുമ്പോൾത്തന്നെ എടുത്തു... നീ സഞ്ചരിച്ചു വന്ന എല്ലായിടങ്ങളിലും ഞാൻ നിന്നോടുകൂടെയിരുന്നു, നിന്റെ സകല ശത്രുക്കളെയും നിന്റെ മുമ്പിൽനിന്നു ഛേദിച്ചുകളഞ്ഞിരിക്കുന്നു...(1 ദിനവൃത്താന്തം 17:8).

ഇവിടെ ദാവീദിന്റെ ജീവിതത്തിലെ സകലസൗഭാഗ്യങ്ങളും ദൈവത്തിന്റെ ഔദാര്യമാണ്. ഒന്നും അവൻ നേടിയെടുത്തതല്ല. കാട്ടിൽ ആടിനെ മേയ്ച്ചു നടന്നപ്പോൾ കിടക്കാൻ ഒരു കൂരപോലുമില്ലാതെ പുൽപ്പുറങ്ങളിൽ നക്ഷത്രമെണ്ണി കിടന്നിടത്തുനിന്നാണ് ദൈവം അവനെ യിസ്രായേലിനു പ്രഭുവാക്കേണ്ടുന്നതിനു തെരഞ്ഞെടുത്തത്. "എന്റെ ജനമായ യിസ്രായേലിനു പ്രഭുവാക്കേണ്ടുന്നതിനു" (1 ദിനവൃത്താന്തം 17: 7) എന്നു പറയുമ്പോൾ ദൈവം ഓർപ്പിക്കുന്ന ഒരു കാര്യം, യിസ്രായേൽ ജനം ദൈവത്തിന്റെ വകയാണെന്നും, രാജത്വം ദാവീദ് നേടിയെടുത്തതല്ലെന്നും ദൈവം കനിവുതോന്നി അവനു ദാനം ചെയ്തതാണെന്നുമാണ്! നിങ്ങൾ ഇന്നു എത്ര വലിയ പദവിയിലാണ് ആയിരിക്കുന്നതെങ്കിലും നിങ്ങൾ അതു അധ്വാനിച്ചു നേടിയെടുത്തതാണെന്നു ചിന്തിക്കുന്നെങ്കിൽ തെറ്റി. ദൈവം നിങ്ങളെ അവിടെ കയറ്റിയിരുത്തിയതാണ്! അതുതന്നെയല്ല, ഒരുപക്ഷേ ദാവീദ് എന്നും പ്രശംസിക്കപ്പെടുകയും സ്വയം അഭിമാനിക്കുകയും ചെയ്യുന്ന അവന്റെ യുദ്ധവിജയങ്ങളും അവന്റെ നേട്ടങ്ങളല്ല എന്നാണ് ദൈവം പറയുന്നത്. "നീ സഞ്ചരിച്ചുവന്ന എല്ലായിടങ്ങളിലും ഞാൻ നിന്നോടുകൂടെയിരുന്നു, നിന്റെ സകല ശത്രുക്കളെയും നിന്റെ മുമ്പിൽനിന്നു ഛേദിച്ചുകളഞ്ഞിരിക്കുന്നു...(1 ദിനവൃത്താന്തം 17:7,8). യുദ്ധം ചെയ്തത് ദാവീദല്ല എന്നും യഹോവയാണെന്നും ചുരുക്കം! അപ്പോൾ പിന്നെ, "ഞാൻ ദേവദാരുകൊണ്ടുള്ള കൊട്ടാരത്തിൽ വസിക്കുന്നു, യഹോവയുടെ പെട്ടകത്തിനു ഇരിക്കാൻ ഇടമില്ല' എന്നു പറയുന്നത് അഹങ്കാരം അല്ലാതെ മറ്റെന്ത്?

തുടർന്നു വായിക്കുമ്പോൾ നാം കാണുന്നത്, ദൈവം ദാവീദിനോടു "ഞാൻ നിനക്ക് ഒരു ഗൃഹം പണിയും' എന്നു വാഗ്ദാനം ചെയ്യുന്നതാണ് (17: 10). ഇതാണു വാസ്തവത്തിൽ ഈ വേദഭാഗത്തിന്റെ കാതലായ സന്ദേശം! ദാവീദ് ദൈവത്തിനു ഒരു ആലയം വാഗ്ദാനം (offer) ചെയ്തപ്പോൾ ദൈവം പറയുന്നു... നിർത്ത്... നീ എനിക്കുവേണ്ടി എന്തു ചെയ്യും എന്നതല്ല പ്രധാനം. ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യുമെന്നു പറയാം."ഭൂമിയിലുള്ള മഹാന്മാരുടെ നാമംപോലെ ഒരു നാമം ഞാൻ നിനക്ക് ഉണ്ടാക്കും'' (17:8); യിസ്രായേൽ സ്വന്തസ്ഥലത്തു പാർക്കും, ദുഷ്ടന്മാർ അവരെ ക്ഷയിപ്പിക്കുകയില്ല" (17: 9). ഞാൻ നിന്റെ സകല ശത്രുക്കളെയും അടക്കും; ഞാൻ നിനക്ക് ഒരു ഗൃഹം പണിയും (17: 10).

ദാവീദിനോടു ദൈവം ചെയ്യുന്ന ഉടമ്പടി (Davidic Covenant) ആണിത്. അബ്രാഹമിനോടും യിസ്രായേലിനോടും ദൈവം ചെയ്ത ഉടമ്പടിയെ ഓർപ്പിക്കുന്ന ഉടമ്പടി! എന്താണ് ദൈവിക ഉടമ്പടിയുടെ പ്രത്യേകത? ദൈവിക ഉടമ്പടിയിൽ എല്ലാ കാര്യങ്ങളും ചെയ്യുന്നത് ദൈവമാണ്. നമ്മൾ വെറുതെ അതങ്ങു സ്വീകരിച്ചാൽ മതി! മതങ്ങളിലെ ഉടമ്പടിയിൽ മനുഷ്യൻ ചെയ്യുന്നതനുസരിച്ചു പ്രവർത്തിക്കുന്ന ദൈവത്തെയാണു ചിത്രീകരിക്കുന്നത്. എന്നാൽ, ദൈവിക ഉടമ്പടിയിൽ ദൈവികപ്രവൃത്തികൾ ഉപാധികളില്ലാത്തതാണ്. ഇവിടെ, നമ്മുടെ പ്രവൃത്തികൾക്കുള്ള പ്രതിഫലമല്ല ദൈവിക അനുഗ്രഹം; പ്രത്യുത, ഇതു പൂർണമായും ദൈവത്തിന്റെ ഔദാര്യമാണ്. നാമതു സ്വീകരിക്കുന്നെന്നുമാത്രം. ഞാൻ ദൈവത്തിനുവേണ്ടി ഒരാലയം പണിയുമെന്നു ദാവീദു പറയുമ്പോൾ ദൈവം പറയുന്നു: അല്ല, ഞാൻ നിനക്കുവേണ്ടി ഒരു ഗൃഹം പണിയും! അതെ, അതാണു പ്രധാനം!

നമ്മിൽ മിക്കവരും ദൈവത്തിനുവേണ്ടി പണിയുന്നവരാണ്–മരിച്ചുകിടന്നുപണിയുന്നവർ! രാത്രിയെന്നില്ല, പകലെന്നില്ല...പണിയോടു പണി... കർത്താവിനുവേണ്ടി ഒത്തിരി പണിയെടുത്ത സ്ത്രീയായിരുന്നു മാർത്ത. എന്നാൽ, എന്തുപറ്റി? മാർത്ത ശുശ്രൂഷയാൽ കുഴങ്ങിപ്പോയി (ലൂക്കൊസ് 10:40). മാർത്ത കർത്താവിനു ഭക്ഷണം ഒരുക്കിയതു തെറ്റല്ല. എന്നാൽ, അധ്വാനിച്ചു കുഴങ്ങിയത് അവളുടെ തകർച്ചയാണ്. മറിയ യേശുവിന്റെ പാദപീഠത്തിലിരുന്ന് യേശുവിനാൽ പണിയപ്പെട്ടു. യേശു മറിയയ്ക്കു സ്വർഗീയമായ ഒരു ഗൃഹം പണിതു കൊടുത്തു. മറിയ നല്ല അംശം തെരഞ്ഞെടുത്തു (ലൂക്കൊസ് 10:42) എന്നു കർത്താവ് സാക്ഷിക്കുന്നു. കർത്താവിനെ ശുശ്രൂഷിക്കുന്നത് നല്ലത്;

എന്നാൽ കർത്താവിനാൽ ശുശ്രൂഷിക്കപ്പെടുന്നത് അത്യുത്തമം.! ദൈവത്തിനു ആലയം പണിതു കൊടുക്കുവാനാണു നമുക്കൊക്കെ ധൃതി. എന്നാൽ, ദൈവത്താൽ പണിയപ്പെടേണ്ടതിനു നാമാരും ഇരുന്നുകൊടുക്കാറില്ല.

അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല... നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രാമസ്ഥലവും ഏത്? ഇതൊക്കെയും എന്റെ കൈയ്യല്ലയോ ഉണ്ടാക്കിയത്? (അപ്പൊസ്തലപ്രവൃത്തി 7:48–50). പിന്നെ എനിക്കു, ഞാൻ കർത്താവിനുവേണ്ടി ഇന്നതു ചെയ്തു, ഇന്നതു പണിതു എന്നു പറയാൻ അവകാശമെന്ത്? വാസ്തവത്തിൽ നമ്മളാണ് അവന്റെ ആലയം? അതു പണിയുന്നത് അവൻ തന്നെയാണ്. "ഞാൻ എന്റെ സഭയെ പണിയും" എന്നു കർത്താവു പറയുന്നു (മത്തായി 16:18).

മനുഷ്യൻ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ 'ആത്മീയഗൃഹമായി' യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദമുള്ള ആത്മീയയാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിതവർഗമാകേണ്ടതിനു പണിയപ്പെടുന്നു"(1പത്രൊസ് 2: 4,5).

നാം പണിയുകയല്ല, പണിയപ്പെടുകയാണ്... വിശുദ്ധ പുരോഹിതവർഗമാകേണ്ടതിനു...ആത്മീയ ഗൃഹമായി പണിയപ്പെടുന്നു. നാം വിശുദ്ധിയിൽ പണിയപ്പെടുന്നു. ജീവനുള്ള കല്ലായ അവന്റെ അടുക്കൽ ചേർന്നിരിക്കുമ്പോൾ അവന്റെ വിശുദ്ധി അവൻ നമ്മിലേക്കു പകർന്നു തരുന്നു. അങ്ങനെയാണു നാം പണിയപ്പെടുന്നത്. നാം അവനെപ്പോലെയാകേണ്ടതിനു അവനാൽ പണിയപ്പെടുന്നു.

അവനാൽ പണിയപ്പെടുമ്പോൾ ഒരു പക്ഷേ, അവൻ നമ്മെ ആലയം പണിയുൾപ്പെടെ എന്തും ഏൽപ്പിച്ചെന്നിരിക്കും. എന്നാൽ, അപ്പോൾ നാം ഒരു ആലയം പണിതു ദൈവത്തിനു കൊടുക്കുകയല്ല. പ്രത്യുത, ദൈവത്തിന്റെ പണിയിൽ നാം ഭാഗഭാക്കാവുക മാത്രമേ ചെയ്യുന്നുള്ളൂ. അവിടെ ഔദ്ധത്യം അഥവാ അഹങ്കാരമുണ്ടാകുകയില്ല, ധാർഷ്ഠ്യം ഉണ്ടാകുകയില്ല. അവിടെ നാം അധ്വാനിക്കുന്നെങ്കിലും ആ അധ്വാനം ഔദാര്യമല്ല. ദൈവിക പങ്കാളിത്തത്തിലുണ്ടാകുന്ന ഒരു പദവിയാണ്. അവനോടു ചേർന്നിരിക്കുന്നതിനാൽ, അവന്റെ നിവാസമായിരിക്കുന്നതിനാൽ ഞാൻ അവന്റെ വിശുദ്ധിയിൽ നിരന്തരം പണിയപ്പെട്ടുകൊണ്ടിരിക്കുകയാണ്! അതാണ് അനുഗ്രഹീതാവസ്ഥ! ദൈവത്തിനുവേണ്ടി പണിയുന്നവൻ ഒരു ഔദാര്യം എന്നപോലെ അതു ചെയ്യുന്നു; ദൈവത്താൽ പണിയപ്പെടുന്നവർ ഒരു പദവിയെന്ന നിലയിലും!

ഭൂമിയിൽ ദൈവം നമ്മെ ഒരു 'ആത്മീയഗൃഹ'മായി പണിയുന്നു. എന്നാൽ, അതേസമയം ദൈവംനമുക്കായി ഒരു 'സ്വർഗീയ ഭവനം' പണിയുന്നുമുണ്ട്: "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻപോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ 14:2,3)". നമ്മുടെ അധ്വാനം ദൈവത്തിനുള്ള ഔദാര്യം അല്ലെന്നു നാം ഓരോരുത്തരും തിരിച്ചറിയണം. നമ്മുടെ ആരോഗ്യംപോലും ദൈവത്തിന്റെ ദാനമാവുമ്പോൾ എല്ലാം ദൈവം തരുന്ന പദവി മാത്രം!ദൈവത്തിനു വേണ്ടി പണിയുവാനല്ല, ദൈവത്താൽ പണിയപ്പെടുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. •

➤ 12

## നന്ദിയുള്ള ഹൃദയത്തിൽ ...

നമ്മെ നയിക്കുന്നത്. സ്നേഹവും സന്തോഷവും സമാധാനവും വിശുദ്ധിയും താഴ്മയും നന്ദിയുമുള്ള ഹൃദയത്തിന്റെ ഉടമകളായി നമുക്കു തീരാം. 'എത്ര അഹങ്കാരിയായ മനുഷ്യൻ' എന്നു നമ്മെക്കുറിച്ചു ശത്രുക്കൾപോലും പറയാതിരിക്കട്ടെ. നമ്മെ അറിയാത്ത മനുഷ്യർ അങ്ങനെ പറഞ്ഞെന്നിരിക്കും. അതു കാര്യമാക്കുകയോ അതോർത്തു ദു:ഖിക്കുകയോ വേണ്ട. ഉയരത്തിൽനിന്നും ലഭിക്കുന്ന സകല നന്മകൾക്കും അനുഗ്രഹങ്ങൾക്കും നമുക്ക് ദൈവത്തിനു സ്തോത്രം ചെയ്യാം. സ്തോത്രമെന്ന വാക്ക് നന്ദിയുടെ പ്രതീകമായിട്ടാണ് നമ്മിൽ നിന്ന് ഉയരേണ്ടത്. സദാ നന്ദിയുടെയും സന്തോഷത്തിന്റെയും സ്തോത്രസ്വരം മുഴങ്ങുന്ന സ്ഥലമാണ് സ്വർഗം. ഭൂമിയിൽ വച്ചുതന്നെ സ്തോത്രം ചെയ്യുന്നതു നമുക്കു പരിശീലിക്കാം. അല്ലെങ്കിൽ സ്വർഗം നമുക്ക് വിരസതയുളവാക്കുന്ന ഇടമായി മാറും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. 'പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം' (2 കൊരിന്ത്യർ 9 : 15). നന്ദി നിറഞ്ഞ നമ്മുടെ ഹൃദയങ്ങളെ ഒരിക്കലും വിഷാദചിന്ത സ്പർശിക്കാതിരിക്കട്ടെ. •

# ക്രിസ്തുവിനെ ഒഴിവാക്കുന്ന ക്രിസ്തീയത

ക്രിസ്ത്യാനിത്വത്തിന്റെ സവിശേഷത യേശുക്രിസ്തുവിന്റെ അനുപമമായ വ്യക്തിത്വവും അവിടുത്തെ ഉപദേശങ്ങളുമാണ്. എന്നാൽ, പല കാലഘട്ടങ്ങളിലും ക്രൈസ്തവസമൂഹം ക്രിസ്തു ഉപദേശിച്ച ജീവന്റെ വഴി ഉപേക്ഷിച്ച് കർമ്മാനുഷ്ഠാനങ്ങളുടെയും മതമൗലികതയുടെയും വഴിത്താരയിലൂടെയാണ് സഞ്ചരിച്ചത്. ക്രിസ്തുമാർഗം മിക്കപ്പോഴും ക്രിസ്തുമതമായി രൂപപ്പെട്ടു. പള്ളികളിലും കൂട്ടായ്മകളിലും പുരോഹിതന്മാരും മെത്രാന്മാരും മറ്റും നടത്തുന്ന പ്രസംഗങ്ങൾ പലപ്പോഴും മതപ്രസംഗങ്ങൾ ആയിരുന്നു. ഇത്തരം പ്രസംഗങ്ങൾ ചിലപ്പോഴൊക്കെ വലിയ വിവാദങ്ങളും വിളിച്ച് വരുത്തുന്നുണ്ട്.

ക്രൈസ്തവ ആരാധനാലയങ്ങളിലും സഭായോഗങ്ങളിലും നടത്തുന്ന പ്രഭാഷണങ്ങളിൽ ക്രിസ്തുവിന്റെ ആളത്വവും ദൗത്യവും ആണ് പ്രസംഗകർ യഥാർത്ഥത്തിൽ ഉയർത്തേണ്ടത്. യേശുക്രിസ്തു ഉപദേശിച്ച വീണ്ടുംജനനവും മാനസാന്തരവും ക്രിസ്തുവിന്റെ താഴ്മയും ത്യാഗവും മറ്റുമാണ് വചനപ്രഘോഷകർ പ്രസംഗവിഷയങ്ങൾ ആയി തെരഞ്ഞെടുക്കേണ്ടത്. അതിൽ നിന്നും വ്യതിചലിക്കുന്ന പ്രസംഗങ്ങൾ ക്രിസ്തീയ ദൂതുകൾ ആയി അംഗീകരിക്കാനാവില്ല. യേശുക്രിസ്തുവുമായിട്ടുള്ള വ്യക്തിപരമായ ബന്ധം ആണ് യഥാർത്ഥ ആത്മീയത. കാൽവറിക്രൂശിലെ, രക്തത്താൽ ലഭിക്കുന്ന പാപമോചനവും നിത്യജീവന്റെ സന്ദേശവുമാണ് ക്രിസ്തീയതയുടെ കാതൽ. ഇപ്രകാരമുള്ള ക്രിസ്തുകേന്ദ്രീകൃത പ്രഭാഷണങ്ങളാണ് സഭായോഗങ്ങളിലും പൊതുസമൂഹത്തിലും വചനപ്രഘോഷകർ നിർവഹിക്കേണ്ടത്.



സുവിശേഷകന്മാരുടെ എക്കാലത്തേയുമുള്ള ഉത്തരവാദിത്തം യേശുവിനെ പ്രസംഗിക്കുകയാണ്. സുവിശേഷകനായ ഫിലിപ്പോസ് വിജാതിയരുടെ നാടായ ശമര്യയിൽ ക്രിസ്തുവിനെ പ്രസംഗിച്ചപ്പോഴാണ് ആ പട്ടണത്തിൽ സന്തോഷം ഉണ്ടായത്. രോഗികൾ സുഖമായതും ഭൂതങ്ങൾ വിട്ടുപോയതും യേശുക്രിസ്തുവിന്റെ നാമത്തിൽ ആയിരുന്നു. സമൂഹത്തിലായാലും സഭയിലായാലും എപ്പോഴും യേശുകർത്താവിനെ ആണ് നാം സാക്ഷിക്കേണ്ടത്.

അതെ, ക്രിസ്തീയതയുടെ ഫോക്കസ് എപ്പോഴും യേശുവിലൂടെ ലഭിക്കുന്ന ദൈവരാജ്യവും നീതിയും ആയിരിക്കണം. നിത്യജീവനും അതുവഴി ലഭിക്കുന്ന നിത്യതയുടെ സന്തോഷവുമാണ് നാം എപ്പോഴും മറ്റുള്ളവർക്ക് പങ്കുവെക്കേണ്ടത്.

എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*


RNI No. KERMAL/2012/46138
Date of Publishing 10.10.2021

NERVEEDHI - OCTOBER 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

# ആർ.പി
## പബ്ലിക്കേഷൻസിൽനിന്നും




വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന നാലു മഹതികളുടെ ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി അവതരിപ്പിച്ചിരിക്കുകയാണ്

## ചതുർ മഹതികൾ

എന്ന ഈ ഗ്രന്ഥത്തിൽ.
ദൈവദാസന്മാരുടെ ഭാര്യമാർക്കുള്ള സന്ദേശങ്ങൾ, ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തങ്ങൾ, ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ മുതൽ പ്രായപൂർത്തിയായ മക്കളെ വരെ സൂക്ഷ്മതയോടെ പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ, അദൃശ്യ മണവാളനായൊരുങ്ങുന്ന ഉത്തമ മണവാട്ടിയുടെ ശ്രദ്ധാപൂർവ്വമായ ഒരുക്കത്തിനു സഹായിക്കുന്ന നിർദ്ദേശങ്ങൾ എല്ലാം ഇതിൽ വായിച്ചെടുക്കാം. ആത്മിക ശുശ്രൂഷാജീവിതത്തിൽ അനുഭവ സമ്പത്തുള്ള അനുഗ്രഹീത ദൈവദാസി എൽസി ജോയ് രചിച്ച ഈ ഗ്രന്ഥം വെറും പഠനക്കുറിപ്പുകളോ പ്രബോധനങ്ങളോ എന്ന നിലയിൽ പരിമിതപ്പെടുന്നില്ല. ക്രിസ്തീയ ജീവിതത്തിൽ ഫലംകായ്ക്കുന്നവരായി വളരുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഈ ഗ്രന്ഥം അനുഗ്രഹമാകും.




മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

## പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ ജോയ് എം തോമസ് എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.

ഇപ്പോൾ ലഭ്യമാണ്

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.